ബാല കുസുമം
മാസിക

പുസ്തകം 13
ലക്കം 02
2026 മാർച്ച്

# മധുരപ്പഴം, മാന്ത്രികപ്പഴം

**പു**ളിരുചിയെ മധുരമാക്കാൻ കഴിവുള്ള മാന്ത്രികപ്പഴത്തെക്കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ? പടിഞ്ഞാറെ ആഫ്രിക്കയിൽ ജനിച്ച മിറാക്കിൾ ഫ്രൂട്ടിന് അങ്ങനെയൊരു അപൂർവ്വ കഴിവുണ്ട്. ചെറുശാഖകളും ഇലകളുമുള്ള ചെടിയിലാണീ ചുവന്ന നിറമുള്ള കുഞ്ഞുപഴം കായ്ക്കുക. പഴത്തിലടങ്ങിയിരിക്കുന്ന 'മിറാക്കുലിൻ' എന്ന പ്രോട്ടീൻഘടകമാണ് നാവിലെ രസമുകുളങ്ങളെ ഉണർത്തി പുളി, കയ്പ് എന്നിവയെ താൽക്കാലികമായി മധുരമാക്കി മാറ്റുന്നത്. ഒരു പഴം കഴിച്ചാൽ രണ്ടു മണിക്കൂർ വരെ അതിന്റെ മധുരം നാവിൽ നിലനിൽക്കും. വളരെ സാവധാനം വളരുന്ന ഈ ചെടി പുഷ്പിക്കാൻ മൂന്നുനാലു വർഷമെടുക്കും. സപ്പോട്ട കുടുംബത്തിൽപ്പെട്ട ഈ പഴം കേരളത്തിലും വളരാറുണ്ട്. പ്രമേഹരോഗികൾക്കും മിറാക്കിൾ ഫ്രൂട്ട് കഴിക്കാമെന്ന് ചില ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടിട്ടുണ്ട്.



# നാം മനുഷരാണല്ലോ

**ലോ**കപ്രശസ്ത എഴുത്തുകാരനായ കസാൻദ് സാക്കിസിന്റെ ഒരനുഭവമാണിത്: അദ്ദേഹമൊരിക്കൽ ഒരു ദ്വീപ് സന്ദർശിച്ചു; ഒറ്റയ്ക്കാണ് സഞ്ചാരം. മണൽപ്പരപ്പിലൂടെ നടക്കുമ്പോൾ എതിരെ ഒരു വൃദ്ധ വരുന്നതു കണ്ടു. അവരുടെ കൈയിൽ തൂക്കിപ്പിടിച്ച കൊട്ടയിൽ നിറയെ അത്തിപ്പഴങ്ങളാണ്. അവരെ ശ്രദ്ധിക്കാതെ അദ്ദേഹം മുന്നോട്ട് നടന്നുപോയി.

എന്നാൽ, വൃദ്ധ അവിടെ നിന്നു. കൈയിലെ കൊട്ട താഴെ വച്ചു. അതിൽ നിന്നു നല്ല രണ്ട് അത്തിപ്പഴമെടുത്ത് കസാൻദ്സാക്കിസിനു നേരെ നടന്നു. അദ്ദേഹത്തിന്റെ മുമ്പിലെത്തി പുഞ്ചിരിയോടെ അവ നീട്ടി. അമ്പരന്നുപോയ അദ്ദേഹം ആദ്യം മടിച്ചെങ്കിലും പിന്നെ അത് വാങ്ങിക്കൊണ്ട് ചോദിച്ചു:

'മുത്തശ്ശിക്ക് എന്നെ പരിചയമുണ്ടോ? എനിക്കു നിങ്ങളെ അറിയില്ലല്ലോ?'

'നീയാരാണെന്നൊന്നും എനിക്കറിയില്ല മോനേ.' വൃദ്ധ പറഞ്ഞു.

'പിന്നെയെന്തിനാ തീരെ പരിചയമില്ലാത്തൊരാൾക്ക് ഇങ്ങനെ തരുന്നത്?' ആ ചോദ്യം കേട്ട് വൃദ്ധ പുഞ്ചിരിയോടെ പറഞ്ഞു: 'മോനേ,

**BALA KUSUMAM**
**CHILDRENS MONTHLY**

Samastha Centre
Jafarkhan Colony, Calicut - 6
Ph: 0495277846
kusumammasika@gmail.com

- **പബ്ലിഷർ**
  പി. കുഞ്ഞഹമ്മദ്
- **ചീഫ് എഡിറ്റർ**
  മുഹമ്മദ് പാറന്നൂർ
- **എക്സിക്യൂട്ടീവ് എഡിറ്റർ**
  സി.പി ശഫീഖ് ബുഖാരി
- **എഡിറ്റർ**
  ഇ.എം സുഫ്യാൻ ബുഖാരി
- **ജനറൽ മാനേജർ**
  കെ. ഉമർ മദനി
- **സർക്കുലേഷൻ**
  ശരീഫ് സഖാഫി എടയൂർ
- **ഇല്ലസ്ട്രേഷൻസ്**
  ശ്യാംദാസ്, ഷാജി എസ്.എം
- **ഡിസൈൻ ലേ-ഔട്ട്**
  അൻവർ സ്വാദിഖ് ബുഖാരി

നീയൊരു മനുഷ്യനാണല്ലോ. ഞാനും മനുഷ്യനാണ്. നിനക്കെന്തെങ്കിലും തരണമെങ്കിൽ നമ്മൾ തമ്മിൽ നേരത്തെ പരിചയമുണ്ടാകണമെന്നൊന്നുമില്ലല്ലോ. നിന്നെ കണ്ടപ്പോൾ എനിക്ക് തോന്നി, നിനക്കിപ്പോൾ ഇത് അത്യാവശ്യമാണെന്ന്.'

'വൃദ്ധയുടെ വാക്കുകൾ കേട്ടപ്പോൾ കസാൻദ്സാക്കിസ് ലജ്ജിച്ചുപോയി; വലിയ എഴുത്തുകാരനായിട്ടും ഈ ഗ്രാമീണ വൃദ്ധയെപ്പോലെ വിശാലമായി ചിന്തിക്കാൻ



തനിക്ക് കഴിഞ്ഞില്ലല്ലോ എന്നോർത്ത്.

കൂട്ടുകാരേ, നാം മനുഷ്യരാണ്. നമുക്കു ചുറ്റും വസിക്കുന്നവരും മനുഷ്യരാണ്. അവർ വിവിധ മതക്കാരാകാം, ജാതിക്കാരാകാം, വലിയവരോ ചെറിയവരോ ആകാം. അവരെയൊക്കെ മനുഷ്യരായിക്കണ്ട് ആദരിക്കുകയും സ്നേഹിക്കുകയും സഹായിക്കുകയും സൗഹൃദം പുലർത്തുകയും ചെയ്യുമ്പോഴാണ് നാം യഥാർത്ഥ മനുഷ്യരാകുന്നത്. അങ്ങനെ ചിന്തിക്കുമ്പോഴേ ലോകത്ത് സമാധാനവും ശാന്തിയുമുണ്ടാകൂ.


# തീയും ചാരവും

നട്ടുച്ചനേരത്ത് ഒരു വഴിക്ക് നടന്നുപോവുകയായിരുന്നു സൂഫീവര്യനായ അബൂഉസ്മാൻ. വഴിയിലുള്ള ഒരു വീടിന്റെ മുകളിൽ നിന്ന് ഒരാൾ ഒരു




കൊട്ട ചാരം മഹാന്റെ തലയിലേക്ക് കമഴ്ത്തി. ചാരം കൊണ്ടു മൂടിയ നിലയിലായി അബൂഉസ്മാൻ. അദ്ദേഹത്തിന്റെ കൂടെയുള്ളവർ ചാരമെറിഞ്ഞയാളെ ശകാരിക്കാൻ തുടങ്ങി. അപ്പോൾ അവരെ തടഞ്ഞുകൊണ്ട് അബുഉസ്മാൻ പറഞ്ഞു: 'ഒന്നു മിണ്ടാതിരിക്കൂ. നാളെ തീ കൊണ്ട് മൂടേണ്ട ഒരാളെ വെണ്ണീറുകൊണ്ട് മൂടാൻ ശ്രമിക്കുകയേ അയാൾ ചെയ്തുള്ളൂ. അതിൽ ദേഷ്യപ്പെടാനൊന്നുമില്ല.'


മിസ്ഹബ് സുറൈജി




# സഫർ




മോനേ, വടിയെടുത്ത് ആ പൂച്ചകളെയും അയലത്തെ കോഴികളെയും ഓടിക്ക്, കാക്കയെ പറത്തിക്ക്...
ഉമ്മയുടെ വാക്ക് കേട്ട് മകൻ അപ്രകാരം ചെയ്തു.
അസ്സലാമു അലൈക്കും, അമ്മായീ.
വഅലൈകുമുസ്സലാം. ങേ? സഫർ മോനോ, മോനെപ്പോ വന്നു?
ഞാനിന്നലെ എത്തിയതാ ഇത്താ. എന്തൊക്കെയാ വർത്തമാനം, സുഖല്ലേ?


ങാ, ഒരുവിധം സുഖം. സൂക്കേടും പ്രശ്നങ്ങളുമായങ്ങനെ കഴിയ്വാ...
അല്ല, സിനുമോനെന്താ ഈ ചെയ്യണേ? എന്തിനാ അവരെ അടിച്ചോടിക്കണേ?
അത് ഞാമ്പറഞ്ഞിട്ടാ സഫറേ. നോക്ക്, അഞ്ചെട്ട് കോഴികളുണ്ടിവിടെ. അവയ്ക്കെന്തെങ്കിലും തീറ്റ കൊടുക്കുമ്പോഴേക്കും ഓടിവരും അയലത്തെ കോഴികളും പിന്നെ പൂച്ചകളും കാക്കകളും. വടിയെടുത്ത് എല്ലാറ്റിനെയും ഓടിക്കാൻ ഞാൻ പറഞ്ഞതാ.
അത് കഷ്ടമല്ലേ? ഇത്തിരി അവയും കഴിച്ചോട്ടെ.
ഹും. ആരാന്റെ കോഴിക്കും കണ്ട പൂച്ചക്കും കാക്കക്കും തീറ്റ കൊടുത്തിട്ട് നമുക്കെന്ത് കിട്ടാനാ?
ധാരാളം കിട്ടാനുണ്ട് അമ്മായീ. നിങ്ങളെ കോഴികൾക്ക് തീറ്റ കൊടുത്താൽ അവയുടെ മുട്ട കിട്ടും അല്ലേ? എന്നാൽ മറ്റുള്ളവയ്ക്ക് തീറ്റ കൊടുക്കുന്നതും വലിയ പുണ്യമുള്ള കാര്യമാണ്. പരലോകത്ത് അതിനൊക്കെ വലിയ പ്രതിഫലമുണ്ടാകും.
ങേ? അതെങ്ങനെ?


കാക്കയും പൂച്ചയും നായയുമൊക്കെ നമ്മെ പ്പോലുള്ള ജീവികളാണ്. അവയെയൊന്നും ഉപ ദ്രവിക്കാൻ പാടില്ല. എന്നു മാത്രമല്ല, അവയ്ക്ക് ദാഹജലവും ഭക്ഷണവുമൊക്കെ കൊടുക്കുന്ന ത് വലിയ പുണ്യമാണ്. മുത്തുനബി(സ) കാണി ച്ചുതന്ന മാതൃകയാണത്.
നേരോ?
ഇത്ത കേട്ടിട്ടില്ലേ, ദാഹിച്ചു വലഞ്ഞ നായക്ക് വെള്ളം കൊടുത്തതിന്റെ പേരിൽ എല്ലാ പാപ ങ്ങളും പൊറുത്തുകിട്ടിയ ഒരാളെക്കുറിച്ചും ഒ രു പൂച്ചയെ കെട്ടിയിട്ടു കൊന്നതിന്റെ പേരിൽ നരകാവകാശിയായിത്തീർന്ന ഒരു പെണ്ണിനെ ക്കുറിച്ചും മുത്തുനബി(സ) പറഞ്ഞുതന്നത്?
ങാ, അതൊ ക്കെ കേട്ടിട്ടുണ്ട്.
അതിൽ നിന്നൊക്കെ മനസ്സി ലാക്കേണ്ടത്, ഇവിടെ നിന്ന് ഉപകാരമൊന്നും കിട്ടിയില്ലെ ങ്കിലും എല്ലാ ജീവികൾക്കും വെള്ളവും ഭക്ഷണവുമൊ ക്കെ കൊടുക്കണമെന്നല്ലേ?
ഞാനത്രത്തോളം ആ ലോചിച്ചില്ല മോനേ. നീ പറഞ്ഞത് വലിയ കാര്യം തന്നെ!
ഇനി ഞാൻ അവയെ യൊന്നും അടിച്ചോടി ക്കില്ല സഫറിക്കാ.

ഷാക്കിർ തോട്ടിക്കൽ

# കേരളത്തിലെ വന്യജീവി സങ്കേതങ്ങൾ



വന്യജീവികളുടെ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും വംശനാശം തടയുന്നതിനും വേണ്ടി എല്ലാ വർഷവും മാർച്ച് 3 ലോക വന്യജീവി ദിനമായി ആചരിക്കുന്നു. കേരളത്തിലെ പ്രധാനപ്പെട്ട വന്യജീവി സങ്കേതങ്ങളെ പരിചയപ്പെടാം.

## പെരിയാർ

ആനകൾ, കടുവകൾ, സിംഹവാലൻ കുരങ്ങുകൾ, വിവിധയിനം പക്ഷികൾ തുടങ്ങിയവക്ക് പേരുകേട്ട പെരിയാർ വന്യജീവി സങ്കേതം ഇടുക്കി, പത്തനംതിട്ട ജില്ലകളിലായി വ്യാപിച്ചുകിടക്കുന്നു. പശ്ചിമഘട്ടത്തിൽ സ്ഥിതിചെയ്യുന്ന ഈ വന്യജീവിസങ്കേതം കേരളത്തിലെ പ്രധാന കടുവ സംരക്ഷണ കേന്ദ്രം കൂടിയാണ്.

## നെയ്യാർ

1985ൽ സ്ഥാപിതമായ നെയ്യാർ വന്യജീവി സങ്കേതം തിരുവനന്തപുരം ജില്ലയിൽ പശ്ചിമഘട്ടത്തിന്റെ തെക്കുകിഴക്കൻ ഭാഗത്ത് സ്ഥിതി ചെയ്യുന്നു. ആന, കടുവ, പുള്ളിപ്പുലി, കരടി, സിംഹവാലൻ കുരങ്ങ് തുടങ്ങിയ നിരവധി മൃഗങ്ങളെയും വൈവിധ്യമാർന്ന പക്ഷിയിനങ്ങളെയും ഇവിടെ കാണാം.

## പീച്ചി


തൃശൂർ ജില്ലയിലെ പീച്ചിയിലുള്ള വന്യജീവി സങ്കേതം 1958ലാണ് നിലവിൽ വന്നത്. വ്യത്യസ്തയിനം ഓർക്കിഡുകളും ഔഷധസസ്യങ്ങളും കാണപ്പെടുന്ന വന്യജീവി സാങ്കേതമാണിത്.

## പറമ്പിക്കുളം

പാലക്കാട് ജില്ലയിലെ ചിറ്റൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന പറമ്പിക്കുളം വന്യജീവി സങ്കേതം 285 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു. കടുവകൾ, ആനകൾ, കാട്ടികൾ തുടങ്ങിയ മൃഗങ്ങൾ ഇവിടെയുണ്ട്. ലോകത്തിലെ ഏറ്റവും വലിയ തേക്കുമരമായ 'കന്നിമര'വും ഇവിടെയാണുള്ളത്.

## വയനാട്

1973ൽ സ്ഥാപിതമായ വയനാട് വന്യജീവിസങ്കേതം നീലഗിരി ബയോസ്ഫിയർ റിസർവിന്റെ ഭാഗമാണ്. ആനകൾ, കടുവകൾ,



പുള്ളിപ്പുലി തുടങ്ങിയ മൃഗങ്ങൾക്കു പുറമെ, നാലു കൊമ്പുള്ള അണ്ണാൻ പോലെയുള്ള അപൂർവയിനത്തിൽപ്പെട്ട ജീവികളെയും ഇവിടെ കാണാം. ഈ സങ്കേതത്തിന് 344.44 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്.

## ചിന്നാർ

ഇടുക്കിജില്ലയിലെ മൂന്നാറിനടുത്ത് 90.44 ചതുരശ്രകിലോമീറ്റർ വിസ്തൃതിയിൽ സ്ഥിതി ചെയ്യുന്ന ചിന്നാർ വന്യജീവിസങ്കേതം ചാമ്പൽ മലയണ്ണാൻ, ഇന്ത്യൻ നക്ഷത്രആമകൾ, മുതലകൾ, പുള്ളിപ്പുലി, പുള്ളിമാൻ, ഹനുമാൻ കുരങ്ങ് എന്നിവയുടെ പ്രധാന ആവാസകേന്ദ്രമാണ്.

## മലബാർ

കോഴിക്കോട് ജില്ലയിൽ സ്ഥിതിചെയ്യുന്ന പ്രധാന വന്യജീവി സങ്കേതമാണിത്. 2010ൽ സ്ഥാപിതമായ ഈ വനമേഖല നീലഗിരി ബയോസ്ഫിയർ റിസർവിലും വയ



നാട് ആനസംരക്ഷണ മേഖലയിലും ഉൾപ്പെടുന്നു. രാജവെമ്പാല ഉൾപ്പെടെയുള്ള പാമ്പുകൾ, അപൂർവയിനം പക്ഷികൾ, ചിത്രശലഭങ്ങൾ, സസ്തനികൾ എന്നിവയുടെ ആവാസകേന്ദ്രമാണിത്.






## കരിമ്പുഴ

മലപ്പുറംജില്ലയിലെ നിലമ്പൂർ താലൂക്കിൽ സ്ഥിതി ചെയ്യുന്ന ഈ വന്യജീവിസങ്കേതം 2020ലാണ് സ്ഥാപിതമായത്. 227.21 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള ഇവിടെ നീലഗിരി താർ, സിംഹ വാലൻ കുരങ്ങ്, കരിമ്പുലി, ആന തുടങ്ങിയ വന്യജീവികളെ കാണാറുണ്ട്.

## ഷെന്തുരുണി

കൊല്ലം ജില്ലയിലെ തെന്മലയിലുള്ള പ്രശസ്തമായ വനമേഖലയാണിത്. 1984ൽ സ്ഥാപിതമായ ഈ വന്യജീവി സങ്കേതം 172.4 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള അഗസ്ത്യമല ബയോസ്ഫിയർ റിസർവിന്റെ ഭാഗമാണ്. 'ചെങ്കുറിഞ്ഞി' എന്ന വൃക്ഷത്തിന്റെ പേരിൽ നിന്നാണ് ഷെന്തുരുണി എന്ന പേരുണ്ടായത്. ഇന്ത്യയിൽ ആദ്യമായി തുമ്പികളുടെ കണക്കെടുപ്പ് നടന്നത് ഇവിടെയാണ്.

## ചിമ്മിനി

1984ൽ സ്ഥാപിതമായ ഈ വന്യജീവി സങ്കേതം തൃശൂർജില്ലയിൽ, നെല്ലിയാമ്പതി മലനിരകളുടെ താഴ്‌വരയിലാണ് സ്ഥിതി ചെയ്യുന്നത്. 83.067ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുണ്ട്. ചിമ്മിനി അണക്കെട്ട് സ്ഥിതി ചെയ്യുന്നതും ഇവിടെയാണ്.

# വല്യുമ്മയുടെ നെയ്യപ്പം

**നോ**മ്പുമാസം അവസാനത്തെ പത്തിൽ വല്യുമ്മ വിരുന്നു വന്നപ്പോൾ കുഞ്ഞുമോന് സന്തോഷമായി. ഇനി ഇരുപത്തിയേഴാം രാവും പെരുന്നാളും കഴിഞ്ഞേ വല്യുമ്മ തിരിച്ചുപോവുകയുള്ളൂ. ഒഴിവുസമയത്തൊക്കെ വല്യുമ്മ പറയുന്ന കഥകൾ കേട്ടിരിക്കാം, നീട്ടിനീട്ടിയുള്ള ഖുർആനോത്ത് കേട്ടിരിക്കാം, പിന്നെ വല്യുമ്മ സ്പെഷ്യലായി ഉണ്ടാക്കുന്ന പലഹാരങ്ങൾ നുണയാം.

ഇരുപത്തിയേഴാം രാവിൽ വല്യുമ്മ നെയ്യപ്പമാണുണ്ടാക്കിയത്. വല്യുമ്മ ഉണ്ടാക്കുന്ന നെയ്യപ്പത്തിന് പ്രത്യേക രുചി തന്നെയാണ്; തിന്നാലും തിന്നാലും മതിയാവില്ല. വല്യുമ്മ നെയ്യപ്പമുണ്ടാക്കുന്നതും കാണാൻ നല്ല രസമാണ്. നേരത്തെത്തന്നെ മാവ് കൂട്ടി വെക്കും. അടുപ്പത്ത് ചട്ടി വെച്ച് വെളിച്ചെണ്ണയൊഴിക്കും. തിളച്ച വെളിച്ചെണ്ണയിലേക്ക് കയിൽ നിറയെ മാവ് കോരിയൊഴിക്കും. അപ്പോൾ ശീ... എന്ന ഒച്ചയുണ്ടാവും. വെളിച്ചെണ്ണയിൽ വട്ടത്തിൽ കിടന്നു മാവ് ബ്ളു... ബ്ളു... എന്ന് ശബ്ദമുണ്ടാകും. പിന്നെ ഒരു പൊള്ളലാണ്. തുടർന്ന്, ഒന്നു മറിച്ചിട്ടു വെന്താൽ കോരിയെടുക്കും. അപ്പോൾ കൊതിപ്പിക്കുന്ന മണം പരക്കും. വല്യുമ്മ നെയ്യപ്പമുണ്ടാക്കുന്നത് എത്രനേരം നോക്കിയിരുന്നാലും കുഞ്ഞ്യോനും കുഞ്ഞ്യോൾക്കും മതിവരില്ല.

നെയ്യപ്പം ചുടുന്നതിനിടയിൽ വല്ല്യുമ്മ കഥകളും പറഞ്ഞുതരും: 'മരിച്ചുപോയവരുടെ റൂഹുകൾ ഇരുപത്തിയേഴാം രാവിൽ ഭൂമിയിലേക്കിറങ്ങിവരും. അക്കൂട്ടത്തിൽ നമ്മുടെ ഉപ്പാപ്പമാരുടെയും

ഉമ്മാമമാരുടെയുമൊക്കെ റൂഹുകളുണ്ടാവും. അവരെ സന്തോഷിപ്പിക്കാനും സമാധാനിപ്പിക്കാനും നമ്മൾ യാസീനോതി അവർക്ക് ഹദ്‌യ ചെയ്യണം. അവർക്കു വേണ്ടി ദുആ ഇരക്കണം. നമ്മൾക്കൊരു സമ്മാനം കിട്ടിയാൽ വല്യ സന്തോഷമുണ്ടാവൂല്ലേ, അതുപോലെ മരിച്ചവർക്കു വേണ്ടിയുള്ള നമ്മുടെ ഖുർആൻ ഓത്തും ദുആയും അവർക്കും വല്യ സന്തോഷമുണ്ടാക്കും.'

'ഇരുപത്തിയേഴാം രാവിൽ നമ്മൾ പള്ളിഖബർസ്ഥാനിൽ പോയി ദുആയിരക്കാറുണ്ടല്ലോ.' കഴിഞ്ഞകൊല്ലം ഉപ്പയോടൊപ്പം ഖബർസ്ഥാനിൽ പോയി ദുആയിരന്ന ഓർമ്മയിൽ കുഞ്ഞുമോൻ പറഞ്ഞു.

'അതേ മോനേ... കഴിയുന്നവരൊക്കെ അവരുടെ ഖബറിനടുത്ത് പോയി സലാം പറയുകയും ഖുർആൻ ഓതി ഹദ്‌യ ചെയ്തു ദുആയിരക്കുകയും വേണം. അവര് നമ്മൾ വരുന്നതും കാത്തിരിക്കുന്നുണ്ടാവും.'

'അപ്പോ, മരിച്ചുപോയവർ കാണുകേം കേൾക്കുകേം ഒക്കെ ചെയ്യോ? വല്യുമ്മാ?' കുഞ്ഞ്യോൾക്ക് സംശയം.

'പിന്നില്ലാതെ, നമ്മള് കേൾക്കും പോലെ അവരും കേൾക്കുമെന്നാ മുത്തുനബി(സ) പഠിപ്പിച്ചത് മോളേ... പിന്നെ മക്കളേ, ഖുർആനോതി ഹദ്‌യ ചെയ്യുന്നതു പോലെ നമ്മൾ അവർക്കുവേണ്ടി പണവും പലഹാരവുമൊക്കെ ആർക്കെങ്കിലും കൊടുക്കണം. അതിന്റെ പ്രതിഫലം അവർക്ക് നൽകാൻ പടച്ചോനോട് ദുആയിരക്കുകയും വേണം. മക്കളേ, പണ്ടൊക്കെ ഞങ്ങളിങ്ങനെ നെയ്യപ്പം ണ്ടാക്കി അയൽവീട്ടിലൊക്കെ കൊടുക്കാറ്ണ്ടായിര്ന്നു. അയലത്തെ രാമുണ്ണിനായരും ഗോപാലനും ചക്കിയും കല്യാണിയുമൊക്കെ അപ്പത്തിന്റെ മധുരവും രസവും പിന്നെയും പിന്നെയും പറയാറുണ്ടായിരുന്നു.'

വല്യമ്മയുടെ കഥകൾ കേട്ടപ്പോൾ കുഞ്ഞുമോന് തോന്നി, നാലപ്പമെടുത്ത് കൂട്ടുകാരനായ ഹരിയുടെ വീട്ടിൽ കൊണ്ടുപോയി കൊടുക്കണമെന്ന്. അവനതു പറഞ്ഞപ്പോൾ വല്യുമ്മ ഒരു വാഴയില കൊണ്ടുവരാൻ പറഞ്ഞു. വാഴയിലയിൽ നാലഞ്ചപ്പങ്ങളെടുത്തു പൊതിഞ്ഞ് വല്യുമ്മ കുഞ്ഞുമോന്റെ കൈയിൽ വച്ചുകൊടുത്തു. ചൂടുള്ള അപ്പവും കൈയിൽ പിടിച്ച് കുഞ്ഞുമോൻ ഹരിയുടെ



വീട്ടിലേക്കോടി. അത് കൊടു ത്തപ്പോൾ ഹരിക്കും അവന്റെ അനിയത്തിക്കും അമ്മയ്ക്കും വലിയ സന്തോഷം! അതു കണ്ട് കുഞ്ഞുമോന്റെ മനം കുളിർത്തു.

തിരിച്ചുവന്നപ്പോൾ വല്യുമ്മ പറഞ്ഞു: 'കു ഞ്ഞ്യോനേ, നിനക്ക് ഇനിയും പണിണ്ട്.'

'എന്താ വല്യുമ്മാ?' കു ഞ്ഞുമോൻ ചോദിച്ചു.

'ഇതാ... ഈ പൊതി കളൊക്കെ നാലയലത്തെ

വീടുകളിലൊക്കെ കൊണ്ടു പോയിക്കൊടുക്കണം. ഈ ദാനത്തിന്റെ കൂടി പ്രതിഫലം നമ്മളിൽ നിന്നു മരിച്ചുപോയ ഉപ്പാപ്പമാർക്കും ഉമ്മാമ്മമാർക്കും പടച്ചോൻ കൊടുക്കട്ടെ.'

കുഞ്ഞുമോൻ സന്തോഷത്തോടെ പൊതികൾ വാങ്ങുമ്പോൾ വല്യുമ്മ പറയുന്നത് കേട്ടു: 'ഇരുപത്തിയേഴാം രാവ് ലൈലത്തുൽഖദ്ർ ആയിരിക്കും. അങ്ങനെയാണെങ്കിൽ നമ്മൾ ചെയ്യുന്ന ഓരോ പുണ്യത്തിനും ആയിരം മാസത്തെ പുണ്യം ചെയ്ത കൂലിയാ മക്കളേ കിട്ടുക!'

'ആയിരം മാസം പുണ്യം ചെയ്ത കൂലിയോ?'

കുഞ്ഞ്യോൻ അതിശയത്തോടെ ചോദിച്ചുപോയി. അപ്പോൾ വല്യുമ്മ ഖദ്ർ സൂറത്തോതി ചോദിച്ചു: 'ഇതിൽ മോൻ ഖൈറുൽ മിൻ അൽഫി ശഹ്ർ' എന്നോതാറില്ലേ? ആയിരം മാസങ്ങളെക്കാൾ പുണ്യമേറിയതാണ് ലൈലത്തുൽഖദ്ർ എന്നാണതിനർത്ഥം. ഇന്നു രാത്രി മുഴുവൻ നമ്മൾ നിസ്കരിക്കുകയും ഖുർആനോതുകയും ദിക്റ് ചൊല്ലുകയും വേണം ട്ടോ.'

കുഞ്ഞുമോൻ പൊതികളുമായി പുറത്തേക്കിറങ്ങി നടക്കുമ്പോൾ ആലോചിച്ചു, എന്തെല്ലാം പുണ്യങ്ങളാണീ മാസത്തിൽ! ഇരുപത്തിയേഴാം രാവും കഴിഞ്ഞാൽ പിന്നെ പെരുന്നാളാണ് വിശേഷം. പെരുന്നാൾതലേന്ന് ഫിത്വ്ർ സകാത്ത് കൊടുക്കാനുണ്ടാവും. ഉപ്പ ചാക്കിൽ അരി വാങ്ങിക്കൊണ്ടുവന്ന് ചെറിയ കവറുകളിലാക്കി പാവങ്ങളുടെ വീട്ടിൽ കൊണ്ടുപോയി കൊടുക്കാൻ പറയും. അതും കുഞ്ഞുമോന് ഏറെ ഇഷ്ടമുള്ള കാര്യമാണ്. പിന്നെ പെരുന്നാളി

## ദണ്ഡിയാത്രയുടെ ഓർമദിനം



അവശ്യവസ്തുക്കളിലൊന്നായ ഉപ്പിന് ബ്രിട്ടീഷുകാർ നികുതി ചുമത്തിയതിൽ പ്രതിഷേധിച്ച് ഗാന്ധിജിയുടെ നേതൃത്വത്തിൽ 1930 മാർച്ച് 12 ന് ആരംഭിച്ച സമരമാണ് ഉപ്പു സത്യാഗ്രഹം. മഹാത്മാ ഗാന്ധിയുടെ നേതൃത്വത്തിലുള്ള ദണ്ഡിയാത്രയോടെയാണ് ഇതാരംഭിച്ചത്. പൂർണ്ണ സ്വരാജ് പ്രഖ്യാപിച്ചതിനു ശേഷം നടന്ന ആദ്യ പ്രഖ്യാപിത സമരമായിരുന്നു ഇത്.



ന് പുത്തനുടുപ്പണിഞ്ഞ്, അത്തർ പൂശി പള്ളിയിൽ പോകണം. കൂട്ടുകാരെയും മറ്റും കണ്ട് സലാം പറഞ്ഞ് ആശംസകൾ നേരണം. കുടുംബവീട്ടിലും അയൽവീട്ടിലും ചങ്ങാതിമാരുടെ വീടുകളിലുമൊക്കെ പോകണം. എല്ലാം സന്തോഷം തന്നെ! എന്നും നോമ്പും പെരുന്നാളുമൊക്കെയായിരുന്നെങ്കിൽ! കുഞ്ഞുമോൻ കൊതിയോടെ ആലോചിച്ചുകൊണ്ടിരുന്നു.

പട്ടണക്കാട് അബ്ദുൽ ഖാദർ

# പിശുക്കനും സ്വർണക്കട്ടിയും

**പ**ണ്ടുപണ്ട് ഗ്രാമത്തിൽ ഒരു അറുപിശുക്കൻ ജീവിച്ചിരുന്നു. തന്റെ സമ്പാദ്യം നഷ്ടപ്പെട്ടുപോകുമോ, ആരെങ്കിലും മോഷ്ടിച്ചുകൊണ്ടുപോകുമോ എന്ന പേടിയായിരുന്നു അയാൾക്കെപ്പോഴും. അങ്ങനെ അയാൾ തന്റെ സമ്പത്തെല്ലാം വിറ്റ് അതൊരു വലിയ സ്വർണ്ണക്കട്ടിയാക്കി മാറ്റി. സ്വർണ്ണക്കട്ടിയുമായി അയാൾ കാട്ടിലെത്തി. ആരും കാണുന്നില്ലെന്നുറപ്പിച്ച് ഒരു കുഴിയുണ്ടാക്കി അതിലിറക്കിവെച്ച് മണ്ണിട്ടുമൂടി. എല്ലാ ദിവസവും രാവിലെ ഒരു വിറകുവെട്ടുകാരനെപ്പോലെ അയാൾ കാട്ടിലെത്തും. ആരുമില്ലാത്ത തക്കം നോക്കി, കുഴി മാന്തിനോക്കുകയും സ്വർണ്ണക്കട്ടിയുടെ വലിപ്പം കണ്ട് ആനന്ദിക്കുകയും ചെയ്യും.

പിശുക്കന്റെ ഈ വിചിത്രമായ പെരുമാറ്റം ഒരു കള്ളന്റെ ശ്രദ്ധയിൽപ്പെട്ടു. അവൻ അടുത്തുള്ള കുറ്റിക്കാട്ടിലിരുന്ന് പിശുക്കൻ ചെയ്യുന്നതെല്ലാം നിരീക്ഷിച്ചു. പിശുക്കൻ പോയ തക്കം നോക്കി സ്വർണ്ണക്കട്ടി കുഴിച്ചെടുത്ത് അതുമായി കടന്നുകളഞ്ഞു.

അടുത്ത ദിവസം രാവിലെ സ്വർണക്കട്ടി കണ്ട് സന്തോഷിക്കാൻ വന്ന പിശുക്കൻ ശൂന്യമായ കുഴിയാണ് കണ്ടത്. 'ഹയ്യോ, എന്റെ സമ്പത്തെല്ലാം കള്ളൻ കൊണ്ടുപോയേ....' അയാൾ ഉറക്കെ നിലവിളിക്കാൻ തുടങ്ങി.

നിലവിളി കേട്ട് ഓടിയെത്തിയ അയൽവാസിയോട് പിശുക്കൻ നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു. അയൽവാസി അയാളെ ഇപ്രകാരം ആശ്വസിപ്പിച്ചു:





'ഭൂമിക്കടിയിൽ കുഴിച്ചിട്ട തിനെക്കുറിച്ചോർത്ത് നീ എന്തിനാണിങ്ങനെ സങ്കടപ്പെടുന്നത്? ഒരു കല്ലെടുത്ത് നിന്റെ സ്വർണ്ണക്കട്ടിയാണതെന്നു കരുതി ആ കുഴിയിൽ വെച്ചോളൂ, എങ്ങനെയായാലും നീയത് ഉപയോഗിക്കാൻ പോകുന്നില്ലല്ലോ. ആ സ്വർണ്ണക്കട്ടി കൊണ്ട് നിനക്ക് ലഭിച്ചിരുന്ന പ്രയോജനം ഈ കല്ലുകൊണ്ടും ലഭിക്കുമല്ലോ.'


കൈവശം വെക്കുന്നതിലല്ല, ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിലാണ് പണത്തിന്റെ യഥാർത്ഥ മൂല്യമെന്ന് പിശുക്കന് മനസ്സിലായി.

❖


# ഇടയനും മാനും


ഗ്ർർ....
രക്ഷി ക്കണേ...


ആ ഇടയനോട് സഹായം ചോദി ക്കാം.
ങേ? ഒരു മാനല്ലേ അത്?
ദയവുചെയ്ത് എന്നെ രക്ഷിക്കണം. ഈ ആടുകൾക്കിട യിൽ ഞാൻ ഒളിച്ചി രുന്നോട്ടെ?
അതിനെന്താ ഒ ളിച്ചിരുന്നോളൂ.



വൈകാതെ,
ഒരു മാൻ ഇതു വഴി വന്നിരുന്നോ?
അത്... അത്... ങ്ഹാ.
ദാ, ആടുകൾക്കിടയിൽ ഒളിച്ചിരിപ്പുണ്ട്.
ങേ? ആ ഇടയൻ ചതിച്ചു.
മാൻ വീണ്ടും ഓടിത്തുടങ്ങി; സിംഹം പിറകെയും.
നിൽക്കെടാ അവിടെ!
രക്ഷിക്കണേ...
ഓടിത്തളർന്ന സിംഹം നിരാശയോടെ നിന്നു.
കഷ്ടം! ആ ഇടയന്റെ ആടുകളിലൊന്നിനെ കിട്ടുമോ എന്ന് ചോദിക്കാം.
സിംഹം വീണ്ടും ഇടയന്റെ അടുത്തെത്തി.
താങ്കളൊരു നല്ല മനുഷ്യനാണ്.
ങ്ഹേ?


അതുകൊണ്ട് ഞാൻ താങ്കളെ വെറുതെ വിടുന്നു. പകരം എ നിക്ക് ഒരാടിനെ നൽ കണം.
അത്... അത്... ശരി, എടു ത്തോളൂ.
ഇന്ന് കുശാലായി.
കഷ്ടം തന്നെ!
ഇതെല്ലാം ഒരു കുറുക്കൻ കാണുന്നുണ്ടായിരുന്നു. സിംഹം സ്ഥലം വിട്ടതോടെ കുറുക്കൻ ഇടയ നടുത്തെത്തി.
ശരി തന്നെ!
താങ്കൾക്ക് കിട്ടേണ്ടതു കിട്ടി. സിംഹത്തിനു മുന്നിൽ താ ങ്കൾ ഒരു ഭീരുവും മാനിനു മുന്നിൽ ഒരു ചതിയനുമായി.

Current Affairs

## മഷേലിന് പീസ് പ്രൈസ്

ഈ വർഷത്തെ ഇന്ദിരാ ഗാന്ധി സമാധാന പുരസ്കാരം മനുഷ്യാവകാശപ്രവർത്തകയും മൊസാംബിക്കിലെ മുൻവിദ്യാഭ്യാസമന്ത്രിയുമായ ഗ്രാസ മഷേലിന്. വിദ്യാഭ്യാസ, ആരോഗ്യമേഖലകളിലെ മാനുഷിക ഇടപെടലുകൾ പരിഗണിച്ചാണു പുരസ്കാരം.

## സുനിതായനം

യുഎസ് ബഹിരാകാശ ഏജൻസി നാസയിലെ കരിയറിനോട് വിട പറഞ്ഞ് ഇന്ത്യൻ വംശജ സുനിത വില്യംസ്. 27 വർഷം നാസയ്ക്കൊപ്പം പ്രവർത്തിച്ച ശേഷമാണു അറുപതുകാരിയായ സുനിത വില്യംസിന്റെ വിരമിക്കൽ. സുനിത വില്യംസ് മൂന്നു തവണയാണു നാസദൗത്യത്തിന്റെ ഭാഗമായി രാജ്യാന്തര സ്പേസ് സ്റ്റേഷനിലെത്തിയത്.

## കലാകിരീടം കണ്ണൂരിന്

തൃശ്ശൂരിൽ നടന്ന 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കണ്ണൂർ ജില്ല ജേതാക്കളായി. 1028 പോയിന്റാണ് കണ്ണൂർ നേടിയത്. 1023 പോയിന്റുമായി തൃശ്ശൂർജില്ല രണ്ടാമതെത്തി. കോഴിക്കോടാണ് മൂന്നാമത്.

## കേരളത്തിന് അമൃതം

പുത്തൻതലമുറ ട്രെയിനുകളെന്ന വിശേഷണമുള്ള അമൃത് ഭാരത് ട്രെയിനുകൾ കേരളത്തിൽ സർവീസ് ആരംഭിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി ഫ്ളാഗ്ഓഫ് ചെയ്തു.

## പത്മ പുരസ്കാരം

ഇന്ത്യയുടെ എഴുപത്തിയേഴാം റിപ്പബ്ലിക് ദിനാഘോഷങ്ങളോടനുബന്ധിച്ച് 154 പേർ പത്മബഹുമതികൾക്ക് അർഹരായി. മുൻമുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ, സുപ്രീം കോടതി മുൻ ജസ്റ്റിസ് കെ ടി തോമസ്, വയലിനിസ്റ്റ് എൻ. രാജം, പി നാരായണൻ, നടൻ ധർമേന്ദ്ര എന്നിവരാണ് ഇത്തവണ പത്മവിഭൂഷൺ പുരസ്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ടത്.

## ഡബ്ല്യുഎച്ച്ഒ വിട്ട് യുഎസ്

ലോകാരോഗ്യസംഘടനയിൽ നിന്നുള്ള യുഎസിന്റെ പിൻമാറ്റം പൂർത്തിയായി. ലോകാരോഗ്യസംഘടനയിൽ യുഎസിന്റെ 78 വർഷം പിന്നിട്ട പങ്കാളിത്തമാണ് അവസാനിച്ചത്. അമേരിക്കയുടെ പ്രസിഡന്റായി രണ്ടാം തവണയും അധികാരത്തിലെത്തിയ ഡോണൾഡ് ട്രംപ് ആദ്യദിനം ഒപ്പുവച്ച നടപടികളിലൊന്നാണിടത്.

## കടലാസുരഹിത കോടതി

പൂർണമായും കടലാസുരഹിതമാകുന്ന രാജ്യത്തെ ആദ്യ ജുഡീഷ്യൽ ജില്ലാ കോടതിയായി കൽപ്പറ്റ കോടതി മാറി. സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്താണ് പേപ്പർലെസസ് ഡിജിറ്റൽ സംവിധാനം ഉദ്ഘാടനം ചെയ്തത്.





# ജാർഖണ്ഡ്

- തലസ്ഥാനം : റാഞ്ചി
- വിസ്തീർണം : 79,714 ച.കി.മീ
- ജനസംഖ്യ : 3,20,57,819
- ജനസാന്ദ്രത : 414/ച.കി.മീ
- സ്ത്രീപുരുഷാനുപാതം : 948/1000
- സാക്ഷരത : 66.41%
- ഭാഷ : ഹിന്ദി
- ലോക്സഭാ സീറ്റുകൾ : 14
- രാജ്യസഭാ സീറ്റുകൾ : 6
- അസംബ്ലി സീറ്റുകൾ : 81

## ജില്ലകൾ

1. ബൊക്കാറോ 2. ദിയോഗഡ് 3. ധുമ്ക 4. ഗഡ് 5. ഗോഡ 6. ഹസാരിബാഗ് 7. ഖുന്തി 8. ലതേഹർ 9. പാകുർ 10. രാംഗഡ് 11. സാഹിബ്ഗഞ്ച് 12. സിമ്ഡേഗ 13. ചത്ര 14. ധൻബാദ് 15. ഈസ്റ്റ് സിങ്ഭം 16. ഗിരിദി 17. ഗുമ 18. ജമ്താര 19. കോദെർമ 20. ലോഹർഡാഗ 21. പലാമു 22 റാഞ്ചി 23. സേരൈകേല ഖർസാവൻ 24. വെസ്റ്റ് സിങ്ഭം.

## ചരിത്രം

പതിമൂന്നാം നൂറ്റാണ്ടിൽ ഒഡീഷ ഭരണാധികാരിയായിരുന്ന രാജാ ജയ്സിംഗ് ദേവ് ജാർഖണ്ഡ് പ്രദേശത്തിന്റെ രാജാവായി സ്വയം പ്രഖ്യാപിച്ചു. 1972ൽ ജാർഖണ്ഡ് മുക്തിമോർച്ച രൂപീകരിക്കപ്പെട്ടു. ഇതിന്റെ നേതൃത്വത്തിലാണ് ജാർഖണ്ഡ് സംസ്ഥാന രൂപീകരണശ്രമങ്ങൾ നടന്നത്. 2000 ഓഗസ്റ്റിൽ ഇന്ത്യൻപാർലമെന്റ് ബീഹാർ പുനഃസംഘടനാ നിയമം പാസാക്കി. 2000 നവംബർ 15ന് ജാർഖണ്ഡ് സംസ്ഥാനം രൂപീകരിച്ചു. ബീഹാർ സംസ്ഥാനത്തെ വിഭജിച്ചാണ് ജാർഖണ്ഡിന് രൂപം നൽകിയത്. വനാഞ്ചൽ എന്നും ജാർഖണ്ഡ് അറിയപ്പെട്ടിരുന്നു.




## അതിർത്തികൾ

വടക്ക് - ബിഹാർ
കിഴക്ക് - പശ്ചിമ ബംഗാൾ
തെക്ക് - ഒഡീഷ
പടിഞ്ഞാറ് - ഉത്തർപ്രദേശ്, ഛത്തീസ്ഗഡ്

**സംസ്ഥാന പുഷ്പം** – പലാഷ്
**സംസ്ഥാന പക്ഷി** – സാൽ
**സംസ്ഥാന വൃക്ഷം** – ഏഷ്യൻ കുയിൽ
**സംസ്ഥാന മൃഗം** – ആന



# സത്യസന്ധതയ്ക്കുള്ള സമ്മാനം

**'നേ**രം കുറെ ആയല്ലോ, നിനക്ക് സ്കൂളിൽ പോകണ്ടേ?' അടുക്കളയിൽ നിന്ന് ഉമ്മയുടെ ഉച്ചത്തിലുള്ള ചോദ്യം കേട്ടതോടെ ഞാൻ ചാടിയെണീറ്റു. വേഗം കുളിച്ച് യൂണിഫോമണിഞ്ഞിറങ്ങി. അപ്പോഴേക്കും കൂട്ടുകാരനും എത്തിയിരുന്നു. ഞങ്ങളെന്നും ഒന്നിച്ചാണ് പോകാറ്.

ആദ്യത്തെ ജംഗ്ഷൻ പിന്നിട്ടപ്പോഴാണ് റോഡരികിൽ ഒരു സാധനം ഞങ്ങളുടെ കണ്ണിൽപ്പെട്ടത്. ചളി പുരണ്ട, പഴകിയ ഒരു പേഴ്സ്. ആകാംക്ഷയോടെ ഞങ്ങളത് തുറന്നുനോക്കി.



അതിൽ 700 രൂപയുണ്ട്! കൂടെ കുറച്ച് കടലാസുകളും. പരിസരത്തൊന്നും ആരുമില്ല. ആരുടെയെങ്കിലും കൈയിൽ നിന്ന് വീണുപോയതാകാം.

സ്കൂളിലേക്ക് നടക്കുമ്പോൾ ആ പണം എങ്ങനെ ചെലവഴിക്കാമെന്നായി ഞങ്ങളുടെ ചർച്ച. പോകുന്ന വഴിയിലെ ചെറിയൊരു പെട്ടിക്കടയിൽ ഞങ്ങൾ കയറി. പേഴ്സിലെ പണം കൈയിലുണ്ട്. പക്ഷേ, പെട്ടെന്ന് എനിക്കൊരു പേടി. മദ്റസയിൽ നിന്ന് ഉസ്താദ് പറഞ്ഞ ആ കഥ പെട്ടെന്ന് ഓർമ്മ വന്നു: 'മറ്റാരും കണ്ടില്ലെങ്കിലും പടച്ചവൻ എല്ലാം കാണുന്നുണ്ട്.'

ആരും കാണുന്നില്ലെന്നു കരുതി ഒരിടത്തു വെച്ചും തെറ്റ് ചെയ്യരുതെന്നും അല്ലാഹു കാണുന്നുണ്ടെന്നുമുള്ള പാഠം മനസ്സിൽ തെളിഞ്ഞു.

ഞാൻ കൂട്ടുകാരനോട് കാര്യം പറഞ്ഞു. ഒടുവിൽ, കൈയിലുണ്ടായിരുന്ന സ്വന്തം പൈസ കൊടുത്ത് മിഠായി വാങ്ങി ഞങ്ങൾ സ്കൂളിലേക്ക് നടന്നു. കളഞ്ഞുകിട്ടിയ പേഴ്സും പണവും ഞങ്ങൾ ഹെഡ്മാസ്റ്ററെ ഏൽപ്പിച്ചു. വൈകുന്നേരം സ്കൂൾ വിട്ടു പോകുമ്പോൾ, ഞങ്ങൾ വഴിയരികിൽ ഒരു കടലാസിൽ എഴുതി ഒട്ടിച്ചു: 'ഒരു പേഴ്സ് ലഭിച്ചിട്ടുണ്ട്. ഉടമസ്ഥൻ സ്കൂളുമായി ബന്ധപ്പെടുക.'

നാളുകൾക്കു ശേഷം ഒരു ദിവസം

ഹെഡ്മാസ്റ്റർ ക്ലാസിൽ വന്ന് എന്നെ വിളിച്ചപ്പോൾ ഒന്നു പേടിച്ചു. സാറിന്റെ കൂടെ ഓഫീസിലെത്തിയപ്പോൾ അവിടെ അവശനായ ഒരു വൃദ്ധൻ ഇരിക്കുന്നുണ്ടായിരുന്നു.

'മോനാണോ ഇതു കിട്ടിയത്?' പേഴ്സ് കാണിച്ച് അദ്ദേഹം ചോദിച്ചു.

ഞാൻ അതെയെന്ന് തലയാട്ടി. പണം തിരികെ കിട്ടിയപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കാനാവില്ല.

അദ്ദേഹവും ഹെഡ്മാസ്റ്ററും എന്നെയും കൂട്ടുകാരനെയും അഭിനന്ദിച്ചു. പിറ്റേന്ന് അസംബ്ലിയിൽ ഹെഡ്മാസ്റ്റർ ഞങ്ങളെ എല്ലാവർക്കും മാതൃകയായി ഉയർത്തിക്കാട്ടി. സത്യസന്ധതയ്ക്കുള്ള സമ്മാനമായി ഒരുപാട് മിഠായികളും ഞങ്ങൾക്ക് കിട്ടി.

*ഫാസിഹ് നെല്ലിക്കാപറമ്പ്,*
*ക്ലാസ് 9, മർകസ്*
*റൈഹാൻവാലി*

# ചതിയന് കിട്ടിയ ശിക്ഷ

**സിം**ഹരാജാവിനോട് കാട്ടിലെ മൃഗങ്ങൾക്കെല്ലാം വലിയ സ്നേഹമായിരുന്നു. സിംഹരാജാവിന് തിരിച്ചും അങ്ങനെതന്നെ. ഒരിക്കൽ ഒരു കള്ളക്കുറുക്കൻ സിംഹരാജാവിന്റെ മന്ത്രിയാകാൻ ആഗ്രഹം പ്രകടിപ്പിച്ചു. നല്ലതു വിചാരിച്ച് സിംഹം അത് അംഗീകരിക്കുകയും ചെയ്തു. ദിവസങ്ങൾ കഴിഞ്ഞപ്പോൾ കുറുക്കൻ ഒരു പ്രഖ്യാപനം നടത്തി: 'മാന്യമൃഗങ്ങളേ, മഹാരാജാവിന് ഏറെ പ്രായമായി. അപ്പുറത്തെ കാട്ടിൽ പോയി വേട്ടയാടാനൊന്നും ഇപ്പോൾ കഴിയുന്നില്ല. അതുകൊണ്ട്, ഓരോ ദിവസവും ഓരോരുത്തരായി സിംഹ രാജാവിനുള്ള ഭക്ഷണം ഗുഹയിലെത്തിക്കണം.'

സിംഹരാജാവിനെ ഓർത്ത് മൃഗങ്ങളെല്ലാം അത് സമ്മതിച്ചു. ദിവസങ്ങൾ കടന്നുപോയി.

അപ്പോഴാണ് അവർ ഒരു കാര്യം ശ്രദ്ധിച്ചത്. ഭക്ഷണം കൊണ്ടുപോകുന്ന ചിലരെ കാണാതാകുന്നു! ഇതറിഞ്ഞ് പക്ഷികളും മൃഗങ്ങളും ഒരിടത്ത് സമ്മേളനം വിളിച്ചുകൂട്ടി. കാര്യമന്വേഷിക്കാൻ മരംകൊത്തിയെ ചുമതലപ്പെടുത്തി. അടുത്തരാത്രി മരംകൊത്തി ആ ഞെട്ടിക്കുന്ന യാഥാർത്ഥ്യം വിളിച്ചുപറഞ്ഞു: 'സിംഹരാജാവിന് ഭക്ഷണവുമായി പോകുന്ന മൃഗങ്ങളെ ആ കള്ളക്കുറുക്കൻ കൊന്നു തിന്നുകയാണ്. സിംഹരാജൻ ഇതൊന്നും അറിയുന്നില്ല.'

'കുറുക്കനെ ഒരു പാഠം പഠിപ്പിക്കണം.' അടുത്തദിവസം കാട്ടിലെ മുഴുവൻ മൃഗങ്ങളും പക്ഷികളും കാടിളക്കി സിംഹരാജന്റെ ഗുഹയ്ക്കു മുന്നിലെത്തി. സിംഹരാജൻ കാര്യമന്വേഷിച്ചപ്പോൾ അവർ

എല്ലാം തുറന്നുപറഞ്ഞു. അതോടെ, സിംഹരാജന്റെ സമ്മതത്തോടെ കൊമ്പനാന കള്ളക്കുറുക്കനെ തൂക്കിയെറിഞ്ഞു.

***ശാസിയ ടി, ക്ലാസ് 8,***
***തൻവീറുൽ ഇസ്‌ലാം സുന്നി മദ്റസ, നിറമരുതൂർ***

## കഠിനാധ്വാനം

**ഗ്രാ**മത്തിൽ ആരിഫ് എന്നൊരു കുട്ടിയുണ്ടായിരുന്നു. അവന് വലിയ സ്വപ്നങ്ങളുണ്ടായിരുന്നെങ്കിലും സാഹചര്യങ്ങൾ പരിമിതമായിരുന്നു. വീട്ടിൽ ദാരിദ്ര്യമാണ്. പലരും പറഞ്ഞു: 'നിനക്ക് പഠിക്കാനൊന്നും പറ്റില്ല.' ആ വാക്കുകൾ അവനെ വേദനിപ്പിച്ചു. പക്ഷേ, അവൻ തളർന്നില്ല.

രാത്രിനേരങ്ങളിൽ അവൻ മണ്ണെണ്ണ വിളക്കിന്റെ വെട്ടത്തിൽ പഠിച്ചു. എന്നും നേരത്തെ ഉണർന്നു പ്രാർത്ഥിച്ചു. പരാജയങ്ങളിൽ നിന്നവൻ പാഠങ്ങൾ പഠിച്ചു. കാലങ്ങൾ പിന്നിട്ടപ്പോൾ ആരിഫ് ഉന്നതപഠനം നേടി. ഗ്രാമം അവനെ അഭിമാനത്തോടെ സ്വീകരിച്ചു.

അവൻ പറഞ്ഞു: 'ആത്മവിശ്വാസമാണെന്നെ സഹായിച്ചത്. പ്രയത്നവും പ്രാർത്ഥനയുമുണ്ടെങ്കിൽ ഏതു സ്വപ്നവും നമുക്ക് നേടിയെടുക്കാനാവും.'

***അൽഫിയ അബ്ദുസ്സലാം,***
***ഹയാത്തുൽ ഇസ്‌ലാം മദ്റസ,***
***വടുതല***

## കത്തുകൾ

*പ്രിയപ്പെട്ട ബാലകുസുമത്തിന്*

*എല്ലാ മാസവും നിന്റെ മധുരമൂറുന്ന കഥകൾ വായിക്കാൻ കാത്തിരിക്കാറുണ്ട് ഞാൻ. അബൂട്ടിയാണ് ആദ്യം വായിക്കാറ്. പിന്നെ ഹോജ. ജീവിതത്തിൽ വഴികാട്ടിയാകുന്ന സഫറും സാഹസപ്രിയരായ മിസ്റ്റർ മണ്ടപ്പനും വായിക്കാതെ മറ്റാർക്കും കുസുമം കൈമാറാൻ മനസ്സു വരാറില്ല. എല്ലാ പംക്തികളും ഒന്നിനൊന്ന് മെച്ചം. കുസുമം ആഴ്ചയിലൊരിക്കൽ വരുന്ന വാരികയാക്കാമോ? പ്രതീക്ഷയോടെ,*

***മുഹമ്മദ് മുസമ്മിൽ എൻ,***
***ക്ലാസ് 8, മർകസ്***
***റൈഹാൻവാലി കാരന്തൂർ***

*പ്രിയപ്പെട്ട ബാലകുസുമത്തിന്,*

*നിന്നെ എനിക്ക് ഏറെ ഇഷ്ടമാണ്. എല്ലാമാസവും നിന്നെ കാത്തിരിക്കും. മാസ്റ്റർ ഇമിറ്റബിൾ റിസ്‌വാനും ആദിലുമാണ് എന്റെ ഫേവറേറ്റ് ഫ്രണ്ട്സ്. എല്ലാ മാസവും ഞാൻ നിന്നെ പൂർണമായി വായിക്കാറുണ്ട്. പുതിയ ലക്കത്തിനായി കാത്തിരിക്കുന്നു,*

***ശിഫ കെ, ക്ലാസ് 4,***
***ലിവാഉൽ ഇസ്‌ലാം മദ്റസ,***
***പുല്ലാര – മേൽമുറി***

റൈഹാൻ



സമസ്ത ചരിത്രം - 27

# കട്ടിപ്പാറ കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ

'**ഞാ**ൻ പള്ളിദർസിൽ ഓതാൻ പോകുന്ന കാലം. പത്തോ പതിനൊന്നോ വയസ്സുള്ള മകന്റെ കൈ പിടിച്ച് എന്നെ ഏൽപ്പിച്ച് അദ്ദേഹം പറഞ്ഞു: 'നീ ഇവനെ നല്ലൊരു ദർസിൽ കൊണ്ടുചെന്നാക്കി ഒരു പണ്ഡിതനാക്കണം.' സുൽത്വാനുൽ ഉലമ കാന്തപുരം ഉസ്താദ് ഇങ്ങനെ ഓർത്തെടുക്കുന്നത് ആരെക്കുറിച്ചാണെന്നോ? ഏതാനും മാസം മുമ്പ് നമ്മോട് വിട പറഞ്ഞ കട്ടിപ്പാറ കെ കെ അഹ്മദ് കുട്ടി മുസ്‌ലിയാരെക്കുറിച്ചാണ്. പിതാവ് കുറുപ്പനക്കണ്ടി കുഞ്ഞായിൻ ഹാജിയാണ് അന്ന് മകനെ കാന്തപുരം ഉസ്താദിന്റെ കൈയിൽ ഏൽപ്പിച്ചത്. അന്നു മുതൽ തുടങ്ങിയതാണ് അവർ തമ്മിലുള്ള ബന്ധം. അങ്ങനെ സുഹൃത്തായും ഉസ്താദായും സഹപ്രവർത്തകരായുമൊക്കെ ആ ബന്ധം തുടർന്നു. 2025 നവംബർ രണ്ടിന് കെ കെ ഉസ്താദ് വിട പറയുന്നതു വരെ!

1945 ലാണ് കെ കെ ഉസ്

താദ് ജനിച്ചത്. പിതാവ് മങ്ങാട് കുറുപ്പനക്കണ്ടി കുഞ്ഞായിൻ കുട്ടി ഹാജി. മാതാവ് ഇമ്പിച്ചി ആഇശ ഹജ്ജുമ്മ. മങ്ങാട്ട് തന്നെയായിരുന്നു പ്രാഥമിക പഠനം. പിന്നെ ഇയ്യാട്, തൃപ്പ നച്ചി പാലക്കാട്, ഉരുളിക്കുന്ന്, ആക്കോട്, പരപ്പനങ്ങാടി, ചാലിയം, വടകര തുടങ്ങിയ സ്ഥലങ്ങളിൽ പള്ളിദർസിൽ പഠിച്ചു.

ഇമ്പിച്ചാലി ഉസ്താദ്, ഇ കെ ഹസൻ മുസ്‌ലിയാർ, കുറ്റിപ്പുറം അബ്ദുല്ല മുസ്‌ലിയാർ, ഒ കെ സൈനുദ്ദീൻ കുട്ടി മുസ്‌ലിയാർ, അല്ലാമ അബ്ദുൽവഹാബ് അൽഖാരി തുടങ്ങിയ മഹാപണ്ഡിതരാണ് ഗുരുനാഥന്മാർ. ഇവരിൽ ഉസ്താദിനെ പ്രഭാഷകനായും ആദർശധീരനായ സുന്നി പ്രവർത്തകനായും വളർത്തിയെടുത്തതിൽ മുഖ്യപങ്ക് ബഹുമാനപ്പെട്ട ഇ കെ ഹസൻ മുസ്‌ലിയാർക്കാണ്. പ്രഭാഷണ – ഖണ്ഡന – വാദപ്രതിവാദ മേഖലകളിൽ ഹസൻ മുസ്‌ലിയാരുടെ സഹായിയും സേവകനുമൊക്കെയായി ഉസ്താദ് പ്രവർത്തിച്ചിട്ടുണ്ട്. പിന്നെ, കൂടുതൽ സഹവാസം കാന്തപുരം ഉസ്താദുമായിട്ടായിരുന്നു. ആദ്യകാലത്തേ മർകസിന്റെയും സുന്നി സംഘടനകളുടെയും പ്രവർത്തകനായിരുന്നു ഉസ്താദ്.

1972 വെല്ലൂർ ബാഖിയാത്തിൽ നിന്ന് ബിരുദം നേടിയ ഉസ്താദ് ആദ്യം ദർസ് നടത്തിയത് കോഴിക്കോട് ജില്ലയിലെ കരുവൻപൊയിലാണ്. ഇങ്ങനെ മുദരിസായി സേവനം ചെയ്യുന്നതിനിടയിലാണ് കാന്തപുരം ഉസ്താദിന്റെ ക്ഷണപ്രകാരം കെ കെ ഉസ്താദ് മർകസിൽ മുദരിസാകുന്നത്. 1988ലായിരുന്നു ഈ മാറ്റം. അന്നു മുതൽ മരണംവരെ പിന്നെ ഉസ്താദിന്റെ സേവനം മർകസിലായിരുന്നു. വലിയ കിതാബുകളായിരുന്നു ഉസ്താദ് പഠിപ്പിച്ചിരുന്നത്. അങ്ങനെ പതിനായിരത്തോളം സഖാഫിമാരുടെ ഗുരുവാകാൻ ഉസ്താദിന് സൗഭാഗ്യമുണ്ടായി. മർകസ് ശരീഅത്ത് കോളേജ് വൈസ് പ്രിൻസിപ്പലായിരുന്നു ഉസ്താദ്. സംഘടനാതലത്തിലും ഉന്നതപദവികളാണ് ഉസ്താദ് വഹിച്ചിരുന്നത്. സമസ്ത കേരള ജംഇയ്യത്തുൽ ഉലമ കേന്ദ്ര മുശാവറ അംഗം, സുന്നി വിദ്യാഭ്യാസ ബോർഡ്, സുന്നി മാനേജ്മെന്റ് അസോസിയേഷൻ, സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ, കേരള മുസ്‌ലിം ജമാഅത്ത് തുടങ്ങിയ

സംഘടനകളുടെ പ്രവർത്തകനും നേതാവുമൊക്കെയായിരുന്നു മരണംവരെ കെകെ ഉസ്താദ്. ഒപ്പം സുന്നത്ത് ജമാഅത്തിന്റെ പ്രഭാഷകനായും അദ്ദേഹം സേവനനിരതനായിരുന്നു. താമസിക്കുന്ന പ്രദേശത്തെയും പരിസരദേശങ്ങളിലെയും ജനങ്ങളുടെ സാമൂഹിക സാംസ്കാരിക ഉന്നതി ലക്ഷ്യമാക്കി ഉസ്താദ് സ്ഥാപിച്ചതാണ് കട്ടിപ്പാറ അൽഇഹ്സാൻ വിദ്യാഭ്യാസ കേന്ദ്രം.

മസ്ലഹത്ത് മേഖലയിൽ വ്യക്തിമുദ്ര പതിപ്പിച്ച



മഹാനായിരുന്നു അദ്ദേഹം. ജനങ്ങൾക്കിടയിലും മറ്റുമുണ്ടാകുന്ന തർക്കങ്ങൾക്കും പിണക്കങ്ങൾക്കും പരിഹാരം കണ്ടെത്താൻ അസാമാന്യമായ കഴിവുതന്നെയുണ്ടായിരുന്നു ഉസ്താദിന്. തർക്കപരിഹാരത്തിനായി ഉസ്താദിനെ സമീപിച്ചാൽ ഇരുവശത്തിലും പറയാനുള്ളതെല്ലാം ക്ഷമയോടെ കേട്ടിരിക്കും. പ്രശ്നത്തെക്കുറിച്ച് ശരിക്കും പഠിക്കും. അവസാനം ഉസ്താദിന്റെ

## നെഹ്റുവും മാമ്പഴവും



ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായിരുന്ന ജവഹർലാൽ നെഹ്റുവിന് ഏറ്റവും പ്രിയപ്പെട്ട പഴം അലഹബാദി പേരയ്ക്കയായിരുന്നു. എന്നാൽ, മാമ്പഴത്തിന്റെ രാഷ്ട്രീയ സ്വാധീനത്തെക്കുറിച്ചറിഞ്ഞ നെഹ്റു വിദേശപ്രതിനിധികൾക്കും രാഷ്ട്രീയ നേതാക്കൾക്കും മാമ്പഴങ്ങളായിരുന്നു സമ്മാനിച്ചിരുന്നത്.



നാവിലൂടെ പുറത്തുവരുന്ന ഒത്തുതീർപ്പു വ്യവസ്ഥയിൽ ഇരുകക്ഷികളും സംതൃപ്ത രായിരിക്കും. ഇങ്ങനെ തർക്ക ങ്ങളും പ്രശ്നങ്ങളുമായി വന്ന് സന്തോഷത്തോടെയും സംതൃ പ്തിയോടെയും തിരിച്ചുപോ യവരുടെ നിരവധി കഥകൾ പലർക്കും അനുസ്മരിക്കാ നുണ്ട്. വിനയാന്വിതനായിരു ന്നു ഉസ്താദ്. വേഷത്തിലും പെരുമാറ്റത്തിലും ഒട്ടും ജാ ഡയുണ്ടായിരുന്നില്ല. ഏതു കുട്ടികൾക്കും സാധാരണ ക്കാർക്കും സമീപിക്കാവുന്ന വിധം സൗമ്യഭാവനായിരുന്നു. ആരെയും പുഞ്ചിരിയോടെ എതിരേൽക്കും. സ്നേഹ ത്തോടെ, വാത്സല്യത്തോടെ സംസാരിക്കും. പറയുന്നതെ ല്ലാം കേൾക്കാനുള്ള സന്മനസ്സ് കാണിക്കും. ലളിതമായ ശൈ ലിയിൽ ഉപദേശനിർദ്ദേശങ്ങൾ നൽകും. ഒരിക്കൽ പരിചയ പ്പെട്ടാൽ പിന്നെ മറക്കാൻ കഴിയാത്ത വിധം മറ്റുള്ളവ രുടെ മനസ്സിൽ ആ മുഖവും പുഞ്ചിരിയും തങ്ങിനിൽക്കും. ശിഷ്യന്മാർക്ക് വത്സലനായ ഒരു പിതാവിനെപ്പോലെയായി രുന്നു ഉസ്താദ്.

സേവനനിരതനായി ജീ വിക്കുന്നതിനിടയിലാണ് ഉസ് താദിനെ രോഗം തളർത്തിയത്. രോഗശയ്യയിൽ കിടക്കുമ്പോ ഴും തന്റെ സ്ഥാപനത്തെക്കുറി ച്ചും വിദ്യാർത്ഥികളെക്കുറിച്ചും സംഘടനകളെക്കുറിച്ചുമെ ല്ലാമുള്ള ചിന്തയായിരുന്നു. സന്ദർശകരോട് അതിനെക്കു റിച്ചായിരുന്നു സംസാരവും ഉപദേശവും. 2025 നവംബർ രണ്ടിന് ആ മഹാപണ്ഡിതൻ ഈ ലോകത്തോട് വിട പറ ഞ്ഞു. കട്ടിപ്പാറ ചെമ്പ്രകുണ്ട ജുമാമസ്ജിദ് ഖബർസ്ഥാനിൽ അന്ത്യവിശ്രമം കൊള്ളുന്നു.

❖

പട്ടണക്കാട് അബ്ദുൽ ഖാദർ

# സമ്പന്നൻ

**പ**ണ്ട് ചൈനയിൽ ഷാങ്വാങ് എന്ന ഒരു രാജാവുണ്ടായിരുന്നു. പ്രജാക്ഷേമതൽപ്പരനായിരുന്ന അദ്ദേഹം വർഷത്തിലൊരിക്കൽ പ്രജകളുടെ സുഖവിവരമറിയാൻ നാട്ടിലിറങ്ങാറുണ്ടായിരുന്നു. ഒരിക്കൽ സന്ദർശനം നടത്തുമ്പോൾ വഴിയിൽ ഹുവാൻ എന്നുപേരുള്ള ഒരാൾ ഭിക്ഷാടനം നടത്തുന്നത് കാണാനിടയായി. രാജാവ് ഉടനെ കുതിരയെ നിറുത്തി.

'മഹാരാജൻ, പരമദരിദ്രനായ എന്നെ സഹായിക്കണേ!' രാജാവിനെ കണ്ട് ഓടിയെത്തിയ ഹുവാൻ അപേക്ഷിച്ചു.

'നീ എന്തിനാണിങ്ങനെ ഭിക്ഷയെടുക്കുന്നത്?' രാജാവ് ചോദിച്ചു.

'മഹാരാജൻ, കൃഷി ചെയ്യാൻ എനിക്ക് ഭൂമിയില്ല. കച്ചവടത്തിനാണെങ്കിൽ മുടക്കാൻ പണമില്ല. കൂലിപ്പണിക്കാണെങ്കിൽ എന്നെ ആരും വിളിക്കുന്നുമില്ല.' ഹുവാൻ പരിഭവം പറഞ്ഞു.

രാജാവ് ഹുവാനെ ഒന്നുകൂടി ശ്രദ്ധിച്ചു. നല്ല ആരോഗ്യമുള്ള ചെറുപ്പക്കാരൻ, യാതൊരു വൈകല്യവുമില്ല!

'വീട്ടിൽ ആരൊക്കെയുണ്ട്?' രാജാവ് ചോദിച്ചു.

'ഭാര്യയും രണ്ടാൺമക്കളുമുണ്ട്. അവരെ പോറ്റാൻ അടിയൻ വല്ലാതെ വിഷമിക്കുകയാണ് മഹാരാജൻ.' ഹുവാൻ വിനീതനായി.

'ശരി, ഇനി മുതൽ നീ വിഷമിക്കേണ്ട! ഈ രാജ്യത്തിന്റെ പകുതി നിനക്ക് ഞാൻ ദാനമായി നൽകാം.'

രാജാവിന്റെ വാഗ്ദാനം കേട്ട് അത്ഭുതസ്തബ്ധനായ ഹുവാൻ വാപൊളിച്ചു നിന്നുപോയി! ആലോചിച്ചപ്പോൾ അവന്റെ മനസ്സിൽ ആഹ്ലാദം തുടി കൊട്ടി!

'പക്ഷേ, ഒരു നിബന്ധനയുണ്ട്.' രാജാവ് തുടർന്നു.

'എന്താണത്? പറയൂ, മഹാരാജൻ.' ഹുവാന് ആകാംക്ഷ അടക്കാനായില്ല.

'പകരം നിന്റെ സമ്പത്തിൽ



പകുതി എനിക്ക് നൽകണം!' രാജാവ് പറഞ്ഞു.

'ശരി, മഹാരാജൻ. അങ്ങ് നീണാൾ വാഴട്ടെ! അടിയന് സമ്മതമാണ്!' ഹുവാൻ ഉത്സാഹത്തോടെ പറഞ്ഞു.



അയാൾ തിരക്കിട്ട് തോളിലെ മാറാപ്പു തുറന്ന് അതിലുള്ള പഴയവസ്ത്രങ്ങളും പാത്രങ്ങളുമെല്ലാം രണ്ടായി പകുത്തു. പിന്നെ, പാതി രാജ്യത്തിന്റെ അവകാശത്തിനായി പ്രതീക്ഷയോടെ രാജാവിനെ ഉറ്റുനോക്കി.

'ഹുവാൻ, താങ്കൾക്ക് കാഴ്ചകൾ കാണാൻ രണ്ടു കണ്ണുകളുണ്ടല്ലോ. അതിൽ ഒരു കണ്ണ് എനിക്കു നൽകണം. രണ്ടു കൈകളിലൊന്നും രണ്ടു കാലുകളിലൊന്നും എനിക്കു തരണം!' രാജാവ് ആവശ്യപ്പെട്ടു.

ഹുവാൻ ഞെട്ടിപ്പോയി. ആഹ്ലാദം നിറഞ്ഞ മുഖം വിളറിപ്പോയി!

'മഹാരാജൻ! അങ്ങെന്താണീ പറയുന്നത്? അതൊന്നും അടിയനു തരാൻ പറ്റില്ലല്ലോ.'

'അതെല്ലാം ദൈവം താങ്കൾക്കു നൽകിയ സമ്പത്താണല്ലോ...'

'അത്...അത്... പക്ഷേ...' ഹുവാൻ ഗത്യന്തരമില്ലാതെ കരാറിൽ നിന്ന് പിന്മാറി. അപ്പോൾ രാജാവ് പറഞ്ഞു:

'താങ്കൾ വലിയ സമ്പന്നനായിട്ടും ദരി

ദ്രനാണെന്ന് നുണ പറഞ്ഞിരിക്കുന്നു. ലഭിച്ച സമ്പത്ത് താങ്കൾ വേണ്ടവിധം വിനിയോഗിച്ചില്ലെന്നു മാത്രമല്ല, ഭിക്ഷാടനം തൊഴിലാക്കുകയും ചെയ്തു. എല്ലാം കുറ്റകരമാണ്! കുറ്റങ്ങൾക്ക് ശിക്ഷ അനുഭവിക്കേണ്ടി വരും.' രാജാവ് അറിയിച്ചു.

ഹുവാൻ ഭയന്നുവിറച്ചു; എന്റെ തല തെറിക്കുമോ? തടവിലിടുമോ? ഓർത്തപ്പോൾ അയാളുടെ കണ്ണിൽ ഇരുട്ടുകയറി.

'അദ്ധ്വാനിക്കാതെ ആർക്കും ഈ രാജ്യത്ത് ജീവിക്കാനാവില്ല. അതാണ് നിയമം. കുറ്റം ചെയ്താൽ ശിക്ഷയേൽക്കേണ്ടി വരും.' രാജാവ് മുന്നറിയിപ്പു നൽകി. അതുകേട്ട് ഹുവാൻ രാജാവിന്റെ കാൽക്കൽ വീണ് കരച്ചിലായി.

രാജാവ് തുടർന്നു: 'നദിക്കപ്പുറത്ത് ഒരു മൊട്ടക്കുന്നുണ്ട്. താങ്കൾ അത് കൃഷിയോഗ്യമാക്കുക. വിത്തും വളവും നാം നൽകാം. അഞ്ചു വർഷത്തിനകം മൊട്ടക്കുന്ന് നല്ലൊരു കൃഷിഭൂമിയാക്കി മാറ്റണം. ഇല്ലെങ്കിൽ ജയിലിൽ കിടന്ന് അഴിയെണ്ണേണ്ടിവരും.'

ജോലിചെയ്തു ശീലിക്കാത്ത ഹുവാന് രാജാവിന്റെ കല്പന വലിയൊരു ശിക്ഷ തന്നെയായി മാറി. ശിഷ്ടകാലം ഹുവാൻ അദ്ധ്വാനിച്ചു ജീവിച്ചു.

❖

**മുർതള സി. ടി**

**നാ**ലാം ഖലീഫ അലി(റ)വിന്റെ ഭരണകാലം. ഖലീഫയുടെ ഒരു പടയങ്കി നഷ്ടപ്പെട്ടു. ഒരുപാട് അന്വേഷിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ഒരിക്കൽ കൂഫയിലെ തെരുവിലൂടെ നടക്കുമ്പോൾ ഒരു ജൂതൻ തന്റെ പടയങ്കി വിൽപ്പനക്ക് വച്ചിരിക്കുന്നത് കണ്ടു. ഖലീഫ കാര്യം പറഞ്ഞെങ്കിലും അയാൾ വഴങ്ങിയില്ല, പടയങ്കി തന്റേതാണെന്നയാൾ ഉറപ്പിച്ചുപറഞ്ഞു. ഒടുവിൽ ഇരുവരും കോടതിയിൽ പോകാമെന്ന് തീരുമാനിച്ചു. ഖാളി ശുറൈഹ്(റ) ആണ് ന്യായാധിപൻ. അലി(റ) ഖാളിയുടെ അടുക്കൽ പ്രശ്നം ബോധിപ്പിച്ചു. ജൂതൻ അത് നിഷേധിച്ചു: 'ഈ പടയങ്കി ഇപ്പോൾ എന്റെ കൈവശമാണല്ലോ. അപ്പോൾ ഇത് എന്റേതു തന്നെ. ഖലീഫയുടെ ഇതുപോലുള്ളൊരു പടയങ്കി നഷ്ടപ്പെട്ടിട്ടുണ്ടാവാം. പക്ഷേ, ഇത് അദ്ദേഹത്തിന്റേതല്ല.' അപ്പോൾ ഖാളി അലി(റ)യോട് പറഞ്ഞു: 'ഇത് നിങ്ങളുടേതാണെന്ന് എനിക്കറിയാം. പക്ഷേ, കോടതിയിൽ വിധി പുറപ്പെടുവിക്കുന്ന




ത് തെളിവിന്റെ അടിസ്ഥാന ത്തിലാണല്ലോ. അതുകൊണ്ട് ഇത് നിങ്ങളുടേതാണെന്ന് തെളിയാൻ രണ്ട് സാക്ഷികൾ വേണം.' 'എന്റെ ഭൃത്യനും മകൻ ഹസനും സാക്ഷികളാ യുണ്ട്.' അലി(റ) പറഞ്ഞു.

'അതെങ്ങനെ ശരിയാവും? പിതാവിനുവേണ്ടി മകൻ സാ ക്ഷി പറയുന്നതും യജമാനു വേണ്ടി ഭൃത്യൻ സാക്ഷി പറയു ന്നതും സ്വീകാര്യമല്ലെന്നറി യില്ലേ?' ഖാളി മറുപടി നൽകി. അപ്പോൾ ഖലീഫ ചോദിച്ചു: 'ഹസനെ സാക്ഷിയാക്കാൻ പറ്റില്ലെന്നോ? സ്വർഗീയ യു വാക്കളുടെ നേതാവാണെ ന്നല്ലേ അദ്ദേഹത്തെക്കുറിച്ച് നബി(സ) പറഞ്ഞിട്ടുള്ളത്?' പക്ഷേ, ഖാളി കുലുങ്ങിയില്ല.

അൽപനേരം ആലോ ചിച്ചുനിന്ന ശേഷം ഖലീഫ ജൂതനോടു പറഞ്ഞു: 'ഇത് നിങ്ങൾ തന്നെ എടുത്തോ ളൂ. കാരണം, ഇത് എന്റേതാ ണെന്നതിന് എന്റെയടുക്കൽ വേറെ തെളിവൊന്നുമില്ല.' അതോടെ കോടതി ജൂതന് അനുകൂലമായി വിധി പുറപ്പെ ടുവിച്ചു.

ജൂതൻ അതുകേട്ട് സ്തംഭിച്ചു നിന്നുപോയി. രാജ്യത്തിന്റെ ഖലീഫക്കെ തിരെ കോടതി വിധി പുറ പ്പെടുവിക്കുകയോ? എത്ര മനോഹരമായ നീതിന്യായം! അയാൾക്ക് മനംമാറ്റം വന്നു. അയാൾ ഉടൻ ഇസ്‌ലാം സ്വീകരിച്ചു. ചെയ്ത തെറ്റ് ഏറ്റുപറയുകയും പടയങ്കി തിരിച്ചുനൽകാൻ സന്ന ദ്ധനാവുകയും ചെയ്തു. എന്നാൽ, അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചതിലുള്ള സന്തോ ഷത്താൽ ആ പടയങ്കിയും അതിനുപുറമെ ഒരു കുതിര യും അലി(റ) അദ്ദേഹത്തിനു സമ്മാനിച്ചു. പിന്നീടുള്ള കാ ലം അദ്ദേഹം ഇസ്‌ലാമിന്റെ മുന്നണിപ്പോരാളിയായി മാ റി. ഖവാരിജുകൾക്കെതിരെ നടന്ന നെഹ്റുവാൻ യുദ്ധ ത്തിൽ വീരമൃത്യു വരിച്ചു. ❖

അബൂറയ്യാൻ

# ജലം ഒരു വിസ്മയം



**മാർച്ച് 22 – ലോക ജലദിനം. ജീവന്റെ അടിസ്ഥാനമായ ജലം ലോകത്തിന്റെ നിലനില്പിൽ നിർണായകമായ പങ്കുവഹിക്കുന്നുണ്ട്. ജലവുമായി ബന്ധപ്പെട്ട 10 കൗതുകനുറുങ്ങുകൾ വായിക്കാം.**

- ഭൂമിയുടെ ഉപരിതലത്തിന്റെ ഏകദേശം 71 ശതമാനം ജലമാണ്. എന്നാൽ, അതിൽ കേവലം 2.5 ശതമാനം മാത്രമാണ് ശുദ്ധജലം.

- മനുഷ്യശരീരത്തിന്റെ മുക്കാൽ ഭാഗവും വെള്ളമാണ്. കടൽച്ചൊറി എന്നറിയപ്പെടുന്ന ജെല്ലിഫിഷിന്റെ ശരീരത്തിൽ 95 ശതമാനവും ജലമാണ്.

- മനുഷ്യരുടെ അതിജീവനത്തിന് വെള്ളം അനിവാര്യമാണ്. ഭക്ഷണം കഴിക്കാതെ മനുഷ്യന് ഒരുമാസത്തോളം ജീവിക്കാനാവും. എന്നാൽ, വെള്ളമില്ലാതെ നാലുദിവസത്തിലധികം ജീവിക്കാൻ കഴിയില്ല.

▶▶ മറ്റു വസ്തുക്കളിൽ നിന്നു വ്യത്യസ്തമായി തണുത്ത് ഐസായി മാറുമ്പോൾ വെള്ളം വികസിക്കുന്നു. ദ്രാവകാവസ്ഥയിലുള്ള വെള്ളത്തെക്കാൾ ഐസിന് സാന്ദ്രത കുറവായതു കാരണം വെള്ളത്തിലിട്ടാൽ ഐസ് പൊങ്ങിക്കിടക്കുന്നു.

▶▶ സാർവത്രിക ലായകമാണ് വെള്ളം. വൈവിധ്യമാർന്ന നിരവധി പദാർത്ഥങ്ങളെ ലയിപ്പിക്കാൻ വെള്ളത്തിന് കഴിയും.

▶▶ താപനിലയിൽ വലിയ മാറ്റമില്ലാതെത്തന്നെ വലിയ അളവിൽ താപോർജ്ജം ആഗിരണം ചെയ്യാനും പുറത്തുവിടാനും വെള്ളത്തിന് കഴിയും.


▶▶ സസ്യങ്ങളുടെ വളർച്ചക്ക് വെള്ളം അനിവാര്യമാണ്. സസ്യങ്ങൾ ട്രാൻസ്പിരേഷൻ എന്ന പ്രക്രിയയിലൂടെ ജലബാഷ്പം അന്തരീക്ഷത്തിലേക്ക് പുറന്തള്ളുന്നു.


▶▶ അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന ചെറിയ ജലത്തുള്ളികളോ ഐസ് കണികകളോ ചേർന്നാണ് മേഘങ്ങൾ ഉണ്ടാകുന്നത്.

▶▶ കൃഷിയിലും നിർമ്മാണ മേഖലയിലുമെല്ലാം ജലം ഒരു പ്രധാന സ്രോതസ്സാണ്.


▶▶ ലോകത്ത് 150 കോടിയോളം പേർ ജലവുമായി നേരിട്ട് ബന്ധമുള്ള മേഖലകളിൽ തൊഴിലെടുക്കുന്നുണ്ട്.

# മുയലിന്റെ പ്രതികാരം


കാട്ടിലെ കൂറ്റൻമരത്തിനു മുകളിലാണ് പരുന്തമ്മയും മക്കളും താമസിച്ചിരുന്നത്. താഴെ മാളത്തിൽ ഒരു മുയലമ്മയും മക്കളും താമസിച്ചിരുന്നു.
ഒരു ദിവസം,
മക്കൾക്ക് തീറ്റ തേടി പോകാൻ വയ്യ. മുയലമ്മയുടെ മക്കളിലൊന്നിനെ പിടിച്ച് കുഞ്ഞുങ്ങൾക്ക് കൊടുക്കാം.
വൈകാതെ,
വൂഷ്..!
ങേ, പരുന്തമ്മേ! എന്റെ കുഞ്ഞിനെ ഒന്നും ചെയ്യല്ലേ. നിനക്കുമില്ലേ കുഞ്ഞുങ്ങൾ?
എന്റെ കുഞ്ഞുങ്ങൾക്ക് കഴിക്കാൻ തന്നെയാണ് നിന്റെ കുഞ്ഞിനെ റാഞ്ചിയെടുത്തത്.



എന്റെ കുഞ്ഞിനെ തിരിച്ചുതന്നില്ലെങ്കിൽ നിന്നെ ഞാനൊരു പാഠം പഠിപ്പിക്കും.
ഹിഹി! ഇത്തിരിക്കുഞ്ഞനായ നീ എന്നെ എന്തു ചെയ്യാനാ?
ങ്ടേ, അത്രയ്ക്കായോ? പരുന്തമ്മയെ വെറുതെ വിട്ടാൽ പറ്റില്ല.
മുയലമ്മ മരത്തിന്റെ വേരിനു ചുറ്റുമുള്ള മണ്ണെല്ലാം തുരന്നു മാറ്റാൻ തുടങ്ങി.
ഇപ്പോൾ കാണിച്ചുതരാം.
ഇനി വേരുകൾ ഓരോന്ന് മുറിച്ചു തുടങ്ങാം.
ക്രാക്ക്!!


വൈകാതെ,
ങേ? മരം വീഴുന്നേ. രക്ഷിക്കണേ.
ക്രാക്ക്!!
എന്റെ കുഞ്ഞുങ്ങൾ!
വൈകാതെ,
പ്ധും!
എന്റെ കൂടും കുഞ്ഞുങ്ങളുമെല്ലാം നശിച്ചുപോയി!
എല്ലാം എന്റെ അഹങ്കാരത്തിന്റെ ഫലം!
ആരെയും വിലകുറച്ചു കാണരുതെന്ന് ഇപ്പോൾ മനസ്സിലായോ?

# ജൈവകൗതുകം



ചീറ്റകളാണ് മൃഗങ്ങളിലെ വേഗക്കാർ. മണിക്കൂറിൽ 60 മൈൽ വേഗതയിൽ അവയ്ക്ക് ഓടാൻ കഴിയും.



നീലത്തിമിംഗലങ്ങളാണ് ഏറ്റവും വലിയ സസ്തനി. ഇവയ്ക്ക് 30 മീറ്റർ വരെ വലുപ്പമുണ്ടാവാം. പിറന്നുവീഴുന്ന ഒരു തിമിംഗലക്കുഞ്ഞിന് ഒരു കാറിന്റെ വലുപ്പമുണ്ടാവും!

കിവിപ്പക്ഷികളുടെ മൂക്ക് അവയുടെ കൊക്കിന്റെ അറ്റത്താണുള്ളത്. അതുപയോഗിച്ച് മണ്ണിനടിയിലുള്ള പുഴുക്കളെ കണ്ടെത്താൻ അവയ്ക്ക് കഴിയും.



മുള്ളൻപന്നികൾ ഒന്നാന്തരം നീന്തൽക്കാരാണ്. അവയുടെ ശരീരത്തിലുള്ള മുപ്പതിനായിരത്തിലധികം തൂവലുകൾ വെള്ളത്തിൽ പൊങ്ങിക്കിടക്കാൻ സഹായിക്കുന്നു.





കിഴക്കൻ ആഫ്രിക്കയിലും തെക്കൻ ആഫ്രിക്കയിലും കണ്ടുവരുന്ന ഗ്രേറ്റ് ബസ്റ്റാർഡ് ആണ് ഏറ്റവും ഭാരം കൂടിയ പറക്കുന്ന പക്ഷി. ഇവയ്ക്ക് 46 കിലോഗ്രാം വരെ ഭാരം കാണാം.



ക്യൂബയിലെ ഹമ്മിംഗ്ബേർഡുകളാണ് ലോകത്തിലെ ഏറ്റവും ചെറിയ പക്ഷികൾ. ഇവയ്ക്ക് രണ്ട് ഗ്രാം മാത്രം ഭാരവും ഏകദേശം 6 സെ.മി നീളവുമാണുണ്ടാവുക. പിന്നിലേക്ക് പറക്കാൻ കഴിവുള്ള പക്ഷി കൂടിയാണ് ഹമ്മിംഗ് ബേർഡ്.

# ക്വിസ് ആനുകാലികം പൊതുവിജ്ഞാനം

1. കേരള ഹൈക്കോടതിയുടെ നാല്പതാമത് ചീഫ് ജസ്റ്റിസ്?

2. ഈയിടെ അന്തരിച്ച ഇന്ത്യയുടെ സ്റ്റാച്യുമാൻ എന്നറിയപ്പെട്ട ശില്പി?

3. 2025ലെ ഓടക്കുഴൽ പുരസ്കാര ജേതാവ്?

4. കിഴക്കൻ ലഡാക്കിൽ ഇന്ത്യ നിർമിച്ച പുതിയ വ്യോമതാവളം?

5. സ്വതന്ത്ര ഇന്ത്യയിൽ തുടർച്ചയായി ഏറ്റവുമധികം തവണ ബജറ്റ് അവതരിപ്പിച്ച റെക്കോർഡ് നേടിയ കേന്ദ്ര ധനകാര്യ മന്ത്രി?

6. സ്വതന്ത്രഇന്ത്യയിൽ ബജറ്റവതരിപ്പിച്ച ആദ്യ വനിത?

7. ഈ വർഷത്തെ ഇന്ദിരാഗാന്ധി സമാധാന പുരസ്കാരം നേടിയ മനുഷ്യാവകാശ പ്രവർത്തക?

8. ജനുവരി 29ന് കേരള നിയമസഭയിൽ അവതരിപ്പിച്ചത് പിണറായി സർക്കാറിന്റെ എത്രാമത്തെ ബജറ്റാണ്?

9. കേരളത്തിന്റെ സംസ്ഥാന സൂക്ഷ്മാണുവായി പ്രഖ്യാപിക്കപ്പെട്ട ബാക്ടീരിയ?



10. കേന്ദ്ര മുഖ്യ വിവരാവകാശ കമ്മീഷണറായി തിരഞ്ഞെടുക്കപ്പെട്ട വ്യക്തി?

11. രാജ്യത്തെ ആദ്യ ഹൈഡ്രജൻബോട്ട് സർവീസ് ആരംഭിച്ചതെവിടെ?

12. രാജ്യത്തെ ആദ്യ ഇലക്ട്രിക് ട്രക്ക് ഇടനാഴി ആരംഭിക്കുന്ന സംസ്ഥാനം?

13. കായലുകളുടെ രാജ്ഞി എന്നറിയപ്പെടുന്നത്?

14. വേൾഡ് എക്കണോമിക് ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന് വേദിയായ ദാവോസ് ഏതു പർവ്വത താഴ്വരയിലാണ്



1. ജസ്റ്റിസ് സൗമൻ സെൻ, 2. റാം വി സുതാർ, 3. നിർമല സീതാരാമൻ, 4. ഹോസെ ആന്റോണിയോ കാസ്റ്റ്, 5. അജിത് പവാർ

സ്ഥിതി ചെയ്യുന്നത്?

15. ആഫ്രിക്ക കപ്പ് ഓഫ് നേഷൻസ് കിരീടം സ്വന്തമാക്കിയ രാജ്യം?

16. വിജയ് ഹസാരെ ക്രിക്കറ്റ് ടൂർണമെന്റിൽ ജേതാക്കളായ ടീം?

17. പ്രസ് ക്ലബ് ഓഫ് ഇന്ത്യയുടെ ആദ്യ വനിത പ്രസിഡന്റ്?

18. 2025ലെ യു എൻ ചാമ്പ്യൻ ഓഫ് ദി എർത്ത് പുരസ്കാരം നേടിയ ഇന്ത്യക്കാരി?

19. ഡിസംബർ 23ന് അന്തരിച്ച ജ്ഞാനപീഠ ജേതാവ് കൂടിയായ ഹിന്ദി സാഹിത്യകാരൻ?

20. രാജ്യത്തെ ഏറ്റവും പ്രായം കുറഞ്ഞ നഗരസഭ ചെയർപേഴ്സൺ?

21. 2025 ഡിസംബർ 26ന്



നൂറാം പിറന്നാൾ ആഘോഷിച്ച ഇന്ത്യയിലെ രാഷ്ട്രീയകക്ഷി?

22. ചിലിയുടെ പുതിയ പ്രസിഡന്റ്?

23. ദേശീയ സ്കൂൾ അത്‌ലറ്റിക്സിലെ 3 വിഭാഗത്തിലും ചാമ്പ്യന്മാരായത്?

24. ദേശീയ അന്വേഷണ ഏജൻസിയുടെ പുതിയ മേധാവി?

**ഉത്തരങ്ങൾ**

**ഉത്തരങ്ങൾ**: 1. ജസ്റ്റിസ് സൗമൻ സെൻ, 2. റാം വി സുതാർ, 3. ഇ പി രാജഗോപാലൻ, 4. ന്യോമ എയർബേസ്, 5. നിർമല സീതാരാമൻ, 6. ഇന്ദിരാഗാന്ധി, 7. ഗ്രാസ മഷേൽ, 8. പന്ത്രണ്ടാമത്, 9. ബാസിലസ് സസ്റ്റിലസ്, 10. രാജ്കുമാർ ഗോയൽ, 11. വാരണാസി, 12. കേരളം, 13. ശാസ്താംകോട്ട കായൽ, 14. ആൽപ്സ്, 15. സെനഗൽ, 16. വിദർഭ, 17. സംഗീത ബറുവ പിഷാരോട്ടി, 18. സുപ്രിയ സാഹു, 19. വിനോദ് കുമാർ ശുക്ല, 20. ദിയാബിനു പുളിക്കക്കണ്ടം, 21. സിപിഐ, 22. ഹോസെ ആന്റോണിയോ കാസ്റ്റ്, 23. കേരളം, 24. രാകേഷ് അഗർവാൾ, 25. അജിത് പവാർ



**സ്വാതന്ത്ര്യസമരത്തിലെ മുസ്‌ലിം സേനാനികൾ**

# ഡോ. മുഖ്താർ അഹ്മദ് അൻസാരി



**മുഹ്സിൻ കളത്തിൽകുണ്ട്**

**പ്ര**മുഖ സ്വാതന്ത്ര്യ സമരസേനാനിയും ജാമിഅ മില്ലിയ്യ സർവകലാശാലയുടെ സ്ഥാപകരിലൊരാളുമാണ് ഡോ. മുഖ്താർ അഹ്മദ് അൻസാരി. 1880ൽ ഉത്തർപ്രദേശിലെ മുഹമ്മദാബാദിലായിരുന്നു അദ്ദേഹത്തിന്റെ ജനനം. പിതാവ് ഹാജി അബ്ദുൽറസാഖ് അൻസാരിയും മാതാവ് ഇലാഹൻ ബീവിയുമാണ്. 1927ൽ കോൺഗ്രസിന്റെ പ്രസിഡന്റായി സ്ഥാനമേറ്റ അൻസാരി, ഗാന്ധിയുമായി അടുപ്പം പുലർത്തി. ഖിലാഫത്ത് പ്രസ്ഥാനത്തിലും നിസ്സഹകരണ പ്രസ്ഥാനത്തിലും നേതൃപരമായ പങ്ക് വഹിച്ചു. മികച്ചൊരു വൈദ്യൻ കൂടിയായിരുന്നു അൻസാരി.

### ഖിലാഫത്ത് പ്രസ്ഥാനത്തിൽ

ബ്രിട്ടീഷ്ഭരണത്തിനെതിരെ ഇന്ത്യൻ ജനതയെ അണിനിരത്താൻ രൂപവത്കരിച്ച ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ നേതാക്കളിൽ ഒരാളായിരുന്നു അദ്ദേഹം. 1920 ജനുവരിയിൽ ലഖ്നൗവിൽ അഖിലേന്ത്യാ മുസ്‌ലിം സമ്മേളനം വിളിച്ചുകൂട്ടിയ അദ്ദേഹം സ്വാതന്ത്ര്യപ്രസ്ഥാനത്തിൽ ചേരാൻ മുസ്‌ലിം ബുദ്ധിജീവികളെ പ്രേരിപ്പിച്ചു. ഐക്യത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ ഖിലാഫത്ത് കമ്മിറ്റി, മുസ്‌ലിം ലീഗ്, കോൺഗ്രസ് സഖ്യം രൂപപ്പെടുത്തുന്നതിന് സഹായിച്ചു. അക്കാലത്ത് ഏറ്റവും സ്വാധീനമുള്ള ബ്രിട്ടീഷ് വിരുദ്ധസഖ്യങ്ങളിലൊന്നായി അത് മാറി.

### നിസ്സഹകരണ പ്രസ്ഥാനത്തിൽ

1919ൽ ബ്രിട്ടീഷുകാർ

റൗലറ്റ് ആക്ട് പാസാക്കി. ആരെ വേണമെങ്കിലും വിചാരണ കൂടാതെ തുറുങ്കിലടക്കാൻ ബ്രിട്ടീഷുകാർക്ക് അധികാരം നൽകുന്ന നിയമമായിരുന്നു അത്. ഡോ. മുഖ്താർ അഹ്മദ് അൻസാരി, ഈ കരിനിയമത്തെ പരസ്യമായി എതിർത്തു. ഡൽഹിയിലെ പണിമുടക്കുകളിലും പ്രതിഷേധങ്ങളിലും പൊതുയോഗങ്ങളിലും അദ്ദേഹം നേതൃപരമായ പങ്കുവഹിച്ചു. 1919 ഫെബ്രുവരി 24ന് സത്യാഗ്രഹസഭയുടെ ആദ്യ പ്രസിഡന്റായി. മാർച്ച് ഏഴിന് മഹാത്മാഗാന്ധി ഡൽഹിയിലെത്തിയപ്പോൾ, ആദ്യമായി സത്യാഗ്രഹ പ്രതിജ്ഞയെടുത്തത് അൻസാരിയായിരുന്നു. ഗാന്ധിയടക്കമുള്ള നേതാക്കൾ പതിവായി സന്ദർശിച്ചിരുന്ന അദ്ദേഹത്തിന്റെ വീട് പ്രസ്ഥാനത്തിന്റെ കമാന്റ്സെന്ററായി മാറി. നിസ്സഹകരണപ്രസ്ഥാനത്തോട് വലിയ അഭിമുഖ്യം പുലർത്തിയിരുന്നെങ്കിലും പ്രസ്ഥാനം അക്രമണത്തിനു മുതിർന്നതോടെ അദ്ദേഹം സംഘടനയിൽ നിന്ന് അകന്നുനിന്നു.

## വ്യക്തിപരമായ ത്യാഗങ്ങൾ

ഡോ. അൻസാരിയുടെ പ്രതിബദ്ധത പ്രസംഗങ്ങൾക്കും സമ്മേളനങ്ങൾക്കുമപ്പുറമായിരുന്നു. മുഴുവൻ സ്വത്തും അദ്ദേഹം കോൺഗ്രസ് പ്രവർത്തനങ്ങൾക്ക് സംഭാവന



ചെയ്തു. 1927ൽ, സൈമൺകമ്മീഷനെതിരെ രാജ്യവ്യാപകമായി നടന്ന പ്രതിഷേധങ്ങൾക്കദ്ദേഹം നേതൃത്വം നൽകുകയും സ്വരാജ് പാർട്ടിയെ പുനരുജ്ജീവിപ്പിക്കുന്നതിൽ നിർണായക പങ്കുവഹിക്കുകയും ചെയ്തു. ഇത് ഇന്ത്യയുടെ സ്വയംഭരണാവശ്യത്തിന് ആക്കം കൂട്ടി.

1936 മെയ് പത്തിന് റാംപൂരിൽ നിന്നുള്ള മടക്കയാത്രയിൽ ഹൃദയാഘാതം മൂലം അൻസാരി ഈ ലോകത്തോട് വിട പറഞ്ഞു. അദ്ദേഹത്തിന്റെ ആഗ്രഹപ്രകാരം ജാമിഅ മില്ലിയ്യ ഇസ്‌ലാമിയ്യയുടെ കാമ്പസിലാണ് ഖബറടക്കിയത്.

● നോവൽ – 29

മുജ്തബ നസ്വീഹ്

# അബൂട്ടി

# ജനറൽ വാർഡിലെ രോഗികൾ

**പ്രൊ**ഫസറോടൊപ്പം റൗണ്ട്സിനിറങ്ങിയതാണ് അബൂട്ടി. അവന് ഏറ്റവും താല്പര്യമുള്ളതാണത്. ജനറൽവാർഡിൽ അടുത്തടുത്തുള്ള ബെഡുകളിൽ നിറയെ രോഗികളുണ്ടാവും. പലതരം രോഗങ്ങളാൽ കഷ്ടപ്പെടുന്നവർ. ഡോക്ടറോട് അവർക്ക് പലതരം വേദനകളെക്കുറിച്ചും സങ്കടങ്ങളെക്കുറിച്ചും പറയാനുണ്ടാവും. അതെല്ലാം കേട്ടുനിൽക്കാനൊന്നും പ്രൊഫസർക്ക് സമയമുണ്ടാവില്ല. ഒന്നോ രണ്ടോ സമാശ്വാസവാക്കുകൾ പറഞ്ഞ് കൂടെയുള്ള സിസ്റ്റർക്ക് മരുന്നിനുള്ള നിർദ്ദേശങ്ങൾ കൊടുത്ത് പ്രൊഫസർ അടുത്ത ബെഡിനടുത്തേക്കു നീങ്ങും.

അപ്പോൾ പല രോഗികളും ദൈന്യഭാവത്തിൽ നിരാശയോടെ ഡോക്ടറെത്തന്നെ നോക്കിക്കിടക്കുകയാവും. അതു കാണുമ്പോൾ അബൂട്ടിക്ക് സങ്കടം തോന്നും. ആ രോഗികൾക്കൊന്നും ആശ്വാസം പകരുന്ന വിധം ഒന്നും ചെയ്യാൻ കഴിയുന്നില്ലല്ലോ എന്ന സങ്കടമാണവന്. ദിവസവും ധാരാളം രോഗികളെ പരിശോധിക്കേണ്ടതുണ്ടല്ലോ.

എന്നാലും, ദൈന്യത മുറ്റിയ പല മുഖങ്ങളെയും അബൂട്ടി പ്രത്യേകം ശ്രദ്ധിക്കും. ഒഴിവു കിട്ടുമ്പോൾ അവരുടെയടുത്തു ചെന്ന് രോഗവിവരങ്ങൾ വിശദമായി ചോദിച്ചറിയും. അവർക്ക് പറയാനുള്ളതെല്ലാം ശ്രദ്ധിച്ചു കേൾക്കും. അവരെ

ആശ്വസിപ്പിക്കും. അപ്പോൾ ആ രോഗികളുടെ മുഖത്ത് തെളിയുന്ന ആശ്വാസവും സന്തോഷവും അബൂട്ടിയുടെ മനസ്സ് കുളിർപ്പിക്കും. അവന്റെ മനസ്സിൽ ഉസ്താദുമാരുടെ വാക്കുകൾ തെളിയും: 'അബൂട്ട്യേ, രോഗികൾക്ക് ആശ്വാസം പകരുന്ന ഡോക്ടറാവണം നീ.'

അന്നും പ്രൊഫസറോടൊപ്പം റൗണ്ട്സിലായിരുന്നു അബൂട്ടി. ഒ.പിയുടെ മുമ്പിലൂടെ നടക്കുമ്പോഴാണ് ശ്രദ്ധിച്ചത്; ഒരു ഉസ്താദ് കൂനിക്കൂടിയിരിക്കുന്നു. തൊട്ടടുത്ത് ഒരു സ്ത്രീ നിൽക്കുന്നുമുണ്ട്. ഉസ്താദിനെ കണ്ടപ്പോൾ അബൂട്ടി അടുത്തേക്ക് ചെന്നു സൂക്ഷിച്ചുനോക്കി. ഉമറുസ്താദാണല്ലോ ഇത്!


അവൻ പെട്ടെന്ന് കുനിഞ്ഞ് ഉസ്താദിന്റെ കൈ പിടിച്ച് സലാം പറഞ്ഞു. ഉസ്താദ് അമ്പരപ്പോടെ തലയുയർത്തി അവന്റെ



മുഖത്തേക്കു നോക്കി. പെട്ടെന്നു തന്നെ അവനെ തിരിച്ചറിഞ്ഞ് ഉസ്താദ് പിടഞ്ഞെഴുന്നേൽക്കാൻ ഒരുങ്ങിക്കൊണ്ടു പറഞ്ഞു: 'റബ്ബേ, ആരാണിത്! നമ്മളെ അബൂട്ട്യാണല്ലോ.'

ഉസ്താദിനെ അവിടെ പിടിച്ചിരുത്തി അബൂട്ടി കാര്യങ്ങൾ ചോദിച്ചറിഞ്ഞു. കഠിനമായ വേദനയുമായി നേരെ നിൽക്കാൻ പോലുമാകാതെ കൂനിക്കൂടിയിരിക്കുകയാണ് ഉസ്താദ്. ഡോക്ടറെ കാണണമെങ്കിൽ ഇനിയുമെത്രയോ സമയം കാത്തിരിക്കണം. എന്താണ് ചെയ്യുക?

പ്രൊഫസറും സഹപാഠികളും നടന്നകന്നിരിക്കുന്നു. കൂടുതലൊന്നും ആലോചിക്കാതെ അവൻ ആ ഭാഗത്തേക്കോടി. നിമിഷങ്ങൾക്കുള്ളിൽ പ്രൊഫസറെയും കൂട്ടിയാണ് അവൻ വന്നത്. അവൻ പറഞ്ഞു: 'സാറേ,



എന്റെ ഉസ്താദാണ്. എന്നെ ഇവിടെയെത്തിച്ചവരിലൊരാൾ.'

പ്രൊഫസർ ബഹുമാനത്തോടെ ഉസ്താദിനെ പരിശോധിച്ചു. ഉടൻതന്നെ അഡ്മിറ്റാക്കാനും പ്രാഥമിക ചികിത്സകൾ കൊടുക്കാനും നിർദ്ദേശിച്ചു. പ്രൊഫസറുടെ അനുവാദം വാങ്ങി അബൂട്ടി തന്നെയാണ് പിന്നെ ഉസ്താദിനെ വീൽചെയറിൽ ഇരുത്തി വാർഡിലേക്ക് കൊണ്ടുപോയത്.

അല്പം ആശ്വാസമായപ്പോൾ ഉസ്താദ് ചോദിച്ചു: 'അബൂട്ടിയുടെ ക്ലാസൊക്കെ മുടങ്ങിയില്ലേ? എന്നെ കണ്ടാലും കണ്ടില്ലെന്ന് നടിച്ചങ്ങ് കടന്നുപോകാമായിരുന്നല്ലോ.'

'ഉസ്താദെന്നെ പഠിപ്പിച്ചത് അങ്ങനെയല്ലല്ലോ.' അബൂട്ടി ചിരിച്ചുകൊണ്ടു പറഞ്ഞു.

അപ്പോൾ ഉസ്താദ് തുടർന്നു: 'മോനേ, വലിയ വിഷമത്തിലായിരുന്നു ഞാനപ്പോൾ. വേദനകൊണ്ട് മരിച്ചുപോവുകയാണെന്നു തോന്നിയ നിമിഷങ്ങൾ! അപ്പോഴാണ് മോനെ പടച്ചോൻ എന്റെയടുക്കലേക്കയച്ചത്. അൽഹംദുലില്ലാഹ്! മോനെ പടച്ചോൻ ഉയർത്തട്ടെ.'

'ഉസ്താദേ, ഞാൻ അധികമൊന്നും ചെയ്തില്ലാട്ടോ. എന്റെ കടമ നിറവേറ്റിയതേയുള്ളൂ.' അബൂട്ടി വിനയത്തോടെ പറഞ്ഞു.

'അതേ മോനേ. മോൻ കടമ നിറവേറ്റി. എന്നാൽ, കണ്ടഭാവം നടിക്കാത്തവരുമുണ്ട് മോനേ മനുഷ്യരിൽ! എന്റെ തന്നെ ഒരു അനുഭവം കേൾക്കണോ?, മുമ്പൊരിക്കൽ ഞാൻ ഇതേ മെഡിക്കൽകോളേജിൽ വന്ന സന്ദർഭത്തിലുണ്ടായ അനുഭവമാണ്. ഞാൻ ഡോക്ടറെ കാണാനിരിക്കുമ്പോൾ നാലഞ്ച് ഡോക്ടർകുട്ടികൾ അങ്ങോട്ടു വന്നു. അവരിലൊരാൾ നിന്നെപ്പോലെ ഞങ്ങൾ വളർത്തിവിട്ടവനായിരുന്നു. അവൻ എന്നെ കണ്ടെങ്കിലും കണ്ട ഭാവമേ നടിച്ചില്ല. അവനും കൂട്ടുകാരും കഥകൾ പറഞ്ഞ് ചിരിച്ചുരസിക്കുകയാണ്. ഞാനവന്റെ മുഖത്തേക്കു തന്നെ നോക്കിയിരുന്നു. ഇടയ്ക്കിടെ, അവനെന്നെ ഇടങ്കണ്ണിട്ട് നോക്കുന്നുണ്ട്. ഞാനൊരു പുഞ്ചിരിയോടെ അങ്ങനെയിരുന്നു.




**വി**ണ്ണിൽ ശവ്വാൽപിറ കണ്ടു,
ചെറിയ പെരുന്നാളിതാ വന്നു.
കുട്ടികളെല്ലാം ഒരുമിച്ചു
ഉറക്കെ തക്ബീർ ചൊല്ലുന്നു.
ചേലിൽ പുത്തനുടുപ്പിട്ട്
മേനിയിലത്തറു തേച്ചിട്ട്
പള്ളിയിലേക്കു നടക്കുമ്പോൾ
ആഹാ എന്തൊരു സന്തോഷം!

**റൈഹാൻ**

കുറെ കഴിഞ്ഞപ്പോൾ, അവൻ കൂട്ടുകാരോട് പറയുന്നതു കേട്ടു; നമുക്ക് പുറത്തേക്ക് പോകാമെന്ന്. എന്റെ നോട്ടം സഹിക്കാൻ കഴിയാഞ്ഞിട്ടായിരിക്കും.

അപ്പോൾ അവരിൽ ഒരാൾ അവനോട് പറയുന്നത് ഞാൻ കേട്ടു: 'ആ മൊയ്ല്യാര് കുറെ സമയമായല്ലോ നിന്നെത്തന്നെ നോക്കിയിരിക്കുന്നു. ആ കക്ഷിയെ നിനക്ക് പരിചയമുണ്ടോ?'

അവനപ്പോൾ ആദ്യം കാണുന്ന പോലെ എന്റെ മുഖത്തേക്കു നോക്കി. എന്നിട്ട് എന്റെയടുത്ത് വന്ന് അവർ കേൾക്കെ ചോദിച്ചു: 'നിങ്ങൾ എവിടെന്നാ... എവിടെയോ കണ്ടതുപോലെ തോന്നുന്നല്ലോ?'

എനിക്കപ്പോൾ അരിശവും സങ്കടവും തോന്നി. നിന്നെപ്പോലെ സ്നേഹിച്ചു വളർത്തി, പഠിപ്പിച്ചുവിട്ട മോനാ... എന്നിട്ടിപ്പോ ഇങ്ങനെ... ഇങ്ങനെയും മനുഷ്യരുണ്ട് മോനേ... നന്ദിയില്ലാത്തവരും ധിക്കാരികളും.'

ഉസ്താദ് കഥ പറഞ്ഞു തീർന്നപ്പോഴേക്കും വല്ലാതെ കിതക്കുന്നുണ്ടായിരുന്നു. അബൂട്ടി ഉസ്താദിന്റെയടുത്തിരുന്ന് പുറം തലോടി ആശ്വസിപ്പിച്ചു. ഉസ്താദിന്റെ കൈകൾ പിടിച്ച് അവൻ പറഞ്ഞു: 'ഞാൻ അങ്ങനെ ആയിപ്പോകാതിരിക്കാൻ ഉസ്താദ് ദുആയിരക്കണം.'

(തുടരും)

ബീവി ഖദീജ(റ)
ചരിത്രം - 6

മക്കയിലെ

# പ്രകാശതാരകം

അൻവർ കാരേപറമ്പ്

# സ്നേഹബന്ധത്തിന്റെ മാധുര്യം



**കൂ**ട്ടുകാരി നഫീസയാണ് ഖദീജയുടെ മനസ്സിലെ മാറ്റം കണ്ടുപിടിച്ചത്.

'എന്താ ഖദീജാ, നിന്നെ എന്തോ വിചാരങ്ങൾ അലട്ടുന്നുണ്ടെന്ന് മുഖം പറയുന്നുണ്ടല്ലോ? കുറച്ചു ദിവസമായി ഞാൻ ശ്രദ്ധിക്കുന്നു. എന്തോ കാര്യമായി ആലോചിക്കുകയാണെന്നു തോന്നുന്നു.'

അപ്രതീക്ഷിത ചോദ്യത്തിനു മുന്നിൽ ഖദീജ പകച്ചുപോയി. എന്തുചെയ്യും? രഹസ്യം വെളിപ്പെടുത്തണോ? പറയാതിരുന്നിട്ടെന്താ? കൂട്ടുകാരിക്ക് ചിലപ്പോൾ പരിഹരിക്കാൻ കഴിഞ്ഞെങ്കിലോ? തുറന്നുപറയുക തന്നെ!

'നഫീസാ, അൽഅമീനിൽ ഞാൻ പല പ്രത്യേകതകളും കാണുന്നു. വിശ്വസ്തനാണ്. നല്ല കുടുംബവും തറവാടും. പല അത്ഭുതങ്ങളും അദ്ദേഹത്തിൽ കാണുന്നു. എന്റെ ഭൃത്യൻ മൈസറ പറഞ്ഞത് നീ കേട്ടില്ലേ? ശാമിലേക്കുള്ള യാത്രയിലുടനീളം പല അത്ഭു

## പച്ചമാങ്ങ

**ക**ണ്ടില്ലേ മാവിന്മേൽ പച്ചമാങ്ങ
നാവിൽ കൊതിയൂറും നല്ല മാങ്ങ
രണ്ടെണ്ണം കിട്ടിയാൽ ഉപ്പു കൂട്ടി
കറുമുറെ തിന്നാലോ ഇഷ്ടം പോലെ!

പ്രതാപൻ അഴീക്കോട്



തങ്ങളും കണ്ടത്രെ! എനിക്ക് തോന്നുന്നു, അദ്ദേഹമാണ് അന്ത്യപ്രവാചകനെന്ന്. എനിക്കദ്ദേഹത്തെ വിവാഹം ചെയ്യാൻ താൽപ്പര്യമുണ്ട്. പക്ഷേ, എങ്ങനെ സാധിക്കുമെന്നറിയില്ല.'

'അതിനെന്താ, ഞാൻ ചോദിക്കാമല്ലോ.' നഫീസ കാര്യം ഏറ്റെടുത്തു.

'പക്ഷേ, അൽ അമീന് ഇഷ്ടമാകുമോ?'

'അതറിയില്ല; ഇഷ്ടപ്പെടാതിരിക്കാൻ ഒരു കാരണവും ഞാൻ കാണുന്നില്ല. നീ കുലീനയാണ്. സുന്ദരിയാണ്. സമ്പന്നയുമാണ്. അൽഅമീനെപ്പോലെ സൂക്ഷ്മതയുള്ളവർക്ക് യോജിച്ചവളുമാണ്. ചോദിക്കുന്നതിൽ ഒരു തെറ്റുമില്ല.'

കൂട്ടുകാരിയുടെ പ്രതികരണം കേട്ടപ്പോൾ ഖദീജക്ക് സന്തോഷമായി. മനസ്സിന്റെ വലിയൊരു ഭാരം ഇറങ്ങിപ്പോയതു പോലെ അനുഭവപ്പെട്ടു.

നഫീസ അൽഅമീനെ കാണാൻ പുറപ്പെട്ടു. ഖദീജക്ക് ഇരിക്കപ്പൊറുതിയില്ല. നഫീസ പോയിട്ട് നേരം കുറെയായി. എന്ത് മറുപടിയാവും അൽഅമീൻ നൽകിയിട്ടുണ്ടാവുക?

ഖദീജയപ്പോൾ ചെറുപ്പത്തിൽ കണ്ട സ്വപ്നം ഓർത്തു; അമ്മാവൻ അതിനു നൽകിയ വ്യാഖ്യാനങ്ങളും. വറഖയുടെ വാക്കുകൾ സത്യമാകുമെന്ന് ഖദീജക്കറിയാം. അങ്ങനെയെങ്കിൽ അൽഅമീൻ ഈ വിവാഹത്തിന് സമ്മതിക്കും. താൻ സമ്പന്നയാണ്; സൗന്ദര്യവതിയും. മക്കയിലെ പ്രമുഖരെല്ലാം തന്നെ ഇണയാക്കാൻ ആഗ്രഹിക്കുന്നുണ്ട്. പക്ഷേ, അൽഅമീൻ പണക്കാരനല്ലെങ്കിലും പ്രവാചകനാണ്.



സൗന്ദര്യത്തിലും പണത്തിലും വീണുപോകുന്നയാളല്ല. ഇനി മറ്റു വല്ലതുമായിരിക്കുമോ ആ സ്വപ്നം അർത്ഥമാക്കുന്നത്? ഖദീജയുടെ മനസ്സ് അസ്വസ്ഥമായിരുന്നു.

നേരം എത്ര പതുക്കെയാണ് നീങ്ങുന്നത്! അതാ ദൂരെ നഫീസയെ കാണുന്നു. 'എന്തായിട്ടുണ്ടാവും? അല്ലാഹ്, കാര്യങ്ങൾ നല്ല നിലയിലാവണേ!' ഖദീജ പ്രാർത്ഥിച്ചു.

നഫീസയുടെ മുഖത്തെ പ്രകാശം ഖദീജ ശ്രദ്ധിച്ചു. അപ്പോൾ കാര്യം നടന്നിട്ടുണ്ട്!


'എന്തായി കാര്യം?' ഖദീജ ആകാംക്ഷയോടെ ചോദിച്ചു.


'ഞാൻ അൽഅമീനെ കണ്ടു. വിവാഹം കഴിക്കാത്തതെന്തെന്ന് ചോദിച്ചു. വിവാഹത്തിനാവശ്യമായ സമ്പത്ത് കൈയിലില്ലാത്തതാണ് കാരണമെന്ന് പറഞ്ഞു. അതു നോക്കാതെ സ്വീകരിക്കാൻ തയ്യാറാണ് ഖദീജയെന്ന് വിവരമറിയിച്ചു. അൽഅമീന് സമ്മതമാണ്! അബൂത്വാലിബിനോട് വിവരം പറഞ്ഞിട്ടുണ്ട്.'


ഖദീജയുടെ സന്തോഷം പതിന്മടങ്ങായി! (തുടരും)



# ഹോജ


മോനേ, ഈ മൺ കലത്തിൽ അല്പം വെള്ളം കൊണ്ടുവരൂ.
ശരി, ഉപ്പാ.


പിന്നെ, പൊട്ടിക്കരുത് കേട്ടോ.
പ്ടേ!
ആഹ്!
ങേ? പാവം മോൻ!


ഹേയ്, ഹോജ എന്തു പണിയാ കാണിച്ചത്? അവൻ കലം ഉടച്ചിട്ടില്ലല്ലോ. പിന്നെന്തിന അടിച്ചു?
ഹ ഹ! കലം പൊട്ടിച്ചതിനുശേഷം അടിച്ചിട്ടെന്തു കാര്യം?

# സൂര്യഘടികാരം നിർമിക്കാം

**ക്ലോ**ക്കുകൾ കണ്ടുപിടിക്കുന്നതിനു മുമ്പ് എങ്ങനെയാണ് ആളുകൾ സമയം മനസ്സിലാക്കിയിരുന്നതെന്നറിയാമോ? സൂര്യഘടികാരങ്ങൾ ഉപയോഗിച്ചുകൊണ്ട്! നമുക്കൊരു സൂര്യഘടികാരം നിർമ്മിച്ചാലോ?

**ആവശ്യമായ വസ്തുക്കൾ:** കാർഡ്ബോർഡ്, പേപ്പർ പ്ലേറ്റ്, പെൻസിൽ, പശ പരുവത്തിലുള്ള കളിമണ്ണ്, മാർക്കർ, അലാറം ക്ലോക്ക്.

**നിർമിക്കേണ്ട വിധം:** പേപ്പർപ്ലേറ്റിന്റെ ഒത്ത നടുവിൽ കളിമൺപശ ഉപയോഗിച്ച് പെൻസിൽ ലംബമായി നിർത്തുക. ശേഷം കാർഡ്ബോർഡ് എടുത്ത് നന്നായി സൂര്യപ്രകാശം ലഭിക്കുന്ന ഒരിടത്ത് വച്ച് അതിൽ പേപ്പർപ്ലേറ്റ് വെക്കുക. സൂര്യഘടികാരം നീങ്ങിപ്പോകാതിരിക്കാൻ പേപ്പർപ്ലേറ്റിനു ചുറ്റും ഒരു വൃത്തം വരയ്ക്കുക. ഏതെങ്കിലും ഒരു മണിക്കൂറിന്റെ തുടക്കത്തിൽ പെൻസിലിന്റെ നിഴൽ നോക്കി സമയം അടയാളപ്പെടുത്തുക. (ഉദാഹരണത്തിന് 10:00 മണി.)




തൊട്ടടുത്ത മണിക്കൂറുകളിലെല്ലാം അലാറം ക്രമീകരിക്കുക. അലാറത്തിന്റെ ശബ്ദം കേൾക്കുമ്പോഴെല്ലാം പെൻസിലിന്റെ നിഴൽ നോക്കി പേപ്പർപ്ലേറ്റിൽ സമയം അടയാളപ്പെടുത്തുക.

വൈകാതെ, ഒരു സൂര്യഘടികാരം റെഡിയാകും. അടുത്തദിവസം മുതൽ പകൽസമയത്ത് സൂര്യഘടികാരം നോക്കി നമ്മുടെ ദിനചര്യകൾ ക്രമീകരിച്ചു നോക്കാം.



മിസ്റ്റർ
മണ്ടപ്പൻ
സ്വർണ്ണവില വർദ്ധിച്ചതോടെ സ്വർണ്ണമോഷ്ടാക്കളുടെ എണ്ണവും വർദ്ധിക്കുന്നതായി റിപ്പോർട്ട്.
ങേ!
മച്ചൂ, ഇത് നമുക്ക് മുട്ടൻ പണിയാകുമല്ലോ.
ശരിയാ, ഏമാന്മാരുടെ വിളി വൈകാതെ വരും.
വാലപ്പൻ പറഞ്ഞു തീർന്നതും,
ട്ർണീം... ട്ർണീം...
ഹലോ സാർ, സ്വർണക്കള്ളന്മാരെ പിടികൂടണം എന്നല്ലേ?


ങ്ഹാ! അതുതന്നെ. അപ്പന്മാർക്ക് എങ്ങനെ മനസ്സിലായി?
മോണിംഗ് ന്യൂസ് കണ്ടപ്പോഴേ കാത്തിരിക്കുന്നതാണ്.
ദയവുചെയ്ത് സഹായിക്കണം.
ഡോണ്ട് വറി. അക്കാര്യം നമ്മൾ ഏറ്റു.
അണ്ണേ, പ്രാതൽ കഴിഞ്ഞ് ഏറ്റാൽ മതിയായിരുന്നു.
എന്നാൽ ആദ്യം പ്രാതൽ ആവട്ടെ. വണ്ടിയെട് മച്ചൂ.
ഇരുവരും ബൈക്കിൽ,
ചലോ ചലോ ചില്ലി പാലസ്!


അണ്ണേ! വണ്ടിയുടെ ബ്രേക്ക് പോയല്ലോ!
ങേ? ചതിച്ചോ?
വണ്ടിയുടെ ടയർ ഗട്ടറിൽ!
ക്ടിൽ!!
റോഡിൽ കുഴിയുണ്ടായതുകൊണ്ട് രക്ഷപ്പെട്ടു.
പക്ഷേ, ഇന്നിനി പട്ടിണി കിടക്കേണ്ടി വരുമെന്നാണ് തോന്നുന്നത്.
തൽസമയം തസ്കരമുക്കിലെ രഹസ്യസങ്കേതത്തിൽ ചെന്നായനും സംഘവും.
ഹ ഹ! അപ്പന്മാരല്ലേ ആ വീണു കിടക്കുന്നത്?
അതെയതെ! അവന്മാരിനി ഇതുവഴി വരില്ല.



ഗയ്സ്, അത് നോക്കൂ. ഒരു ലേഡി വരുന്നുണ്ട്.
ഓൾഡ് ലേഡിയാകുമ്പോൾ മാല മോഷണം എളുപ്പമാകും.
തൽസമയം അപ്പന്മാർ,
നിങ്ങളും എന്നെപ്പോലെ നടന്നു ക്ഷീണിച്ചല്ലേ?
അല്ല അമ്മച്ചീ. വണ്ടി ഒന്നു ഗട്ടറിൽ വീണ് ക്ഷീണിച്ചതാ.
ചേച്ചീ, സൂക്ഷിക്കണം. സ്വർണമാലയണിഞ്ഞ് ഒറ്റയ്ക്ക് നടക്കുന്നതത്ര സേഫല്ല.
സ്വർണ്ണക്കള്ളന്മാർ വർദ്ധിച്ചിട്ടുണ്ടെന്ന വാർത്ത കേട്ടില്ലേ?
ഹിഹി! ഇതൊന്നും സ്വർണമല്ല അപ്പന്മാരേ. മുക്കുപണ്ടങ്ങളാ?


ഹതു ശരി!
എന്നാലും ശ്രദ്ധിക്കണേ. സ്വർണ്ണക്കള്ളന്മാർ ജീവനെടുക്കാനും മടിക്കില്ല.
ഹി ഹി! അതിനുള്ള വിദ്യയൊക്കെ എന്റെ കൈയിലുണ്ട് മക്കളേ...
താവളത്തിൽ,
യെസ്! അവർ അടുത്തെത്തിക്കഴിഞ്ഞു. ഫോളോ ഹെർ!
ഹി ഹി! കോളടിച്ചു.
ഹയ്യോ! എന്റെ മാല!
സ്പീഡ് അപ്!
ഹയ്യോ, ഗട്ടർ!


ഹയ്യോ! രക്ഷിക്കണേ...
നടുവൊടിഞ്ഞേ!
ങ്ഹേ? ക്യാ ഹുവാ?
വൈകാതെ ഏമാന്മാർ സ്ഥലത്ത്,
സാറേ, ഈ അമ്മച്ചിയാണ് റിയൽ ഹീറോ!
ഹിഹി! മുക്കുപണ്ടം വെച്ച് സ്വർണക്കള്ളന്മാരെ പിടികൂടിയ അപ്പന്മാർക്ക് ബിഗ് സല്യൂട്ട്!
ബിഗ് ബ്രേക്കിംഗ്! സ്വർണ്ണക്കള്ളന്മാരുടെ സംഘത്തെ കുഴിയിൽ വീഴ്ത്തി പിടികൂടി അപ്പന്മാർ!
മണ്ടപ്പൻ കീ ജയ്! വാലപ്പൻ കീ ജയ്!

സലാം തിരുമല

# പ്രസവിക്കുന്ന പാത്രം

ഒരിക്കൽ മുല്ലാനസ്റുദ്ദീൻ അയൽക്കാരന്റെ വീട്ടിൽ നിന്ന് ഒരു വലിയ ചെമ്പുപാത്രം വായ്പ വാങ്ങി. ദിവസങ്ങൾക്കുശേഷം ആ പാത്രം തിരിച്ചുകൊടുത്തപ്പോൾ കൂടെ ഒരു ചെറിയ പാത്രം കൂടി മുല്ല അയൽക്കാരനു നൽകി.

അതുകണ്ട് അയൽക്കാരൻ ചോദിച്ചു: 'മുല്ലാ, ഈ ചെറിയപാത്രം എന്റേതല്ലല്ലോ.'

മുല്ല ഗൗരവത്തോടെ പറഞ്ഞു: 'താങ്കളറിഞ്ഞില്ലേ, നിങ്ങൾ തന്ന വലിയ പാത്രം പ്രസവിച്ച കുഞ്ഞാണ് ഈ ചെറിയപാത്രം. അതുകൊണ്ട് രണ്ടും നിങ്ങൾക്കുള്ളതു തന്നെയാണ്.'

അയൽക്കാരൻ രണ്ട് പാത്രങ്ങളും സന്തോഷത്തോടെ വാങ്ങിവെച്ചു. മുല്ലക്ക് ഭ്രാന്താണെന്നു കരുതിയെങ്കിലും ചെറിയപാത്രം ലാഭമായല്ലോ എന്നോർത്ത് അയാൾ മിണ്ടാതിരുന്നു.



ഏതാനും ദിവസങ്ങൾക്കു ശേഷം മുല്ല അയൽക്കാരന്റെ പക്കൽനിന്ന് അതേ പാത്രം വീണ്ടും കടം ചോദിച്ചു. ഇത്തവണയും കൂടുതൽ പാത്രം ലഭിക്കുമെന്നു പ്രതീക്ഷിച്ച് അയൽക്കാരൻ സന്തോഷത്തോടെ പാത്രം നൽകി.






**നീല രക്തം**

നീരാളികൾക്ക് മൂന്ന് ഹൃദയങ്ങളുണ്ട്. അവയുടെ രക്തത്തിന് നീല നിറമാണ്. രക്തത്തിലെ ചെമ്പിന്റെ സാന്നിധ്യമുള്ള ഹീമോസയാനിൻ എന്ന ഘടകമാണീ നിറത്തിനു കാരണം.

ആഴ്ചകളും മാസങ്ങളും പലതു കഴിഞ്ഞിട്ടും പാത്രം തിരികെ ലഭിക്കാതായപ്പോൾ അയൽക്കാരൻ മുല്ലയുടെ വീട്ടിലെത്തി.

പാത്രം തിരിച്ചുതരാനാവശ്യപ്പെട്ടു. അപ്പോൾ മുല്ലാ നസ്റുദ്ദീൻ സങ്കടത്തോടെ പറഞ്ഞു: 'സുഹൃത്തേ, കഷ്ടം തന്നെ! ആ പാത്രം മരിച്ചുപോയി.'

അയൽക്കാരന് ദേഷ്യം വന്നു: 'എന്ത്? പാത്രം മരിക്കുകയോ? മുല്ലാ, താങ്കളെന്നെ പരിഹസിക്കുകയാണോ? പാത്രം എങ്ങനെ മരിക്കാനാണ്?'


മുല്ല ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞു: 'പ്രസവിക്കാൻ കഴിയുന്ന പാത്രത്തിന് എന്തുകൊണ്ട് മരിച്ചുകൂടാ? പ്രസവവാർത്ത വിശ്വസിക്കാമെങ്കിൽ മരണവാർത്തയും നിങ്ങൾ വിശ്വസിച്ചേ പറ്റൂ.'

ഹോജയുടെ മറുപടി കേട്ട് അയൽക്കാരൻ തല താഴ്ത്തി ഒന്നും മിണ്ടാതെ സ്ഥലം വിട്ടു.




## വഴി കാണിക്കാമോ?


ലില്ലിപ്പൂമ്പാറ്റക്ക്
പൂന്തേൻ
നുണയാൻ
കൊതിയായി.
വഴി കണ്ടെത്താൻ
കൂട്ടുകാർ
സഹായിക്കാമോ?



## യോജിപ്പിക്കാം

താഴെ കൊടുത്തിരിക്കുന്ന മൃഗങ്ങളുടെ യഥാർത്ഥ നിഴൽ കണ്ടെത്തി യോജിപ്പിക്കൂ.





## വ്യത്യാസങ്ങൾ കണ്ടെത്താമോ?


ഈ ചിത്രങ്ങൾ തമ്മിൽ ചില വ്യത്യാസങ്ങളുണ്ട്. കണ്ടെത്താമോ?





## നിറം നൽകാം

ചിത്രത്തിനു
നിറം നൽകി
ഭംഗിയാക്കൂ.



# പദപ്രശ്നം 5

| | | | | | |
|---|---|---|---|---|---|
| 1 | 6 | 5 | | യാ | |
| | | 8 | | | 3 |
| 2 ലാ | | | | | |
| 7 | | | | 4 | |
| 9 | | | | 10 | ത്ത |



ചിത്രം 1

**വലത്തോട്ട്**

1. തിരുവനന്തപുരം ജില്ലയിലൂടെ ഒഴുകി അറബിക്കടലിൽ ചേരുന്ന ഒരു നദി (6)
2. ചിത്രം 1 – ഒരു സ്പാനിഷ് ഫുട്ബോളർ (6)
4. കേരളത്തിന്റെ സംസ്ഥാന ഫലം? (2)
7. നവരത്നങ്ങളിൽ പെട്ട പച്ചരത്നക്കല്ല്? (4)
8. ഒരു ദക്ഷിണേന്ത്യൻ കായികയിനം? (3)
9. കഴിഞ്ഞ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ കിരീടം നേടിയ ജില്ല? (3)
10. പച്ചപ്പവിഴം പറക്കുന്നു, ചുവന്ന വായാൽ പറയുന്നു – കടംകഥ (2)

**താഴോട്ട്**

1. കേന്ദ്രബജറ്റിൽ കേരളം പരാമർശിക്കപ്പെട്ടത് ഏത് ജീവിയുടെ പേരിൽ? (4)
3. സിറ്റി ഓഫ് ജോയ് (സന്തോഷത്തിന്റെ നഗരം) എന്നറിയപ്പെടുന്നത്? (4)

5. പുത്രൻ എന്നതിന്റെ ഒരു പര്യായപദം?(3)
6. കിരണം എന്നതിന്റെ ഒരു പര്യായപദം?(3)

പദപ്രശ്നം പൂരിപ്പിച്ച ശേഷം
പേജിന്റെ ഫോട്ടോ
ക്യൂ ആർ കോഡ് സ്കാൻ ചെയ്ത്
അപ്‌ലോഡ് ചെയ്യുക.

**അവസാന തീയതി: 2026 മാർച്ച് 10**

## പദപ്രശ്നം 4 വിജയികൾ

1. ആമിന ഹിബ, ക്ലാസ് 2, മഖ്ദൂമിയ്യ പബ്ലിക് സ്കൂൾ, നിർമൽഗിരി

2. നിശാൽ, ക്ലാസ് 6, മുനവ്വിറുൽഇസ്‌ലാം മദ്റസ, പാറപ്രം

3. ജൗദാൻ, ക്ലാസ് 6, രിഫാഇയ്യ സുന്നി മദ്റസ നടുവോട്

4. മുഹമ്മദ് സ്വഫ്‌വാൻ ഒ പി, ക്ലാസ് 7, ഹുജ്ജതുൽഇസ്‌ലാം സുന്നി മദ്റസ, പുളിയക്കോട്

5. മുഹമ്മദ് ഫൈസാൻ എ പി, ക്ലാസ് 3, നുസ്റത്തുൽഇസ്‌ലാം മദ്റസ, അടിവാരം

6. ഫാത്വിമ സഹ്റ എൻ കെ, ക്ലാസ് 6, ഹസനുൽബസ്വരി മദ്റസ, മുട്ടം

7. അംന ഫാത്വിമ, ക്ലാസ് 2, ഖദീജത്തുൽ കുബ്റാ അക്കാദമി, പറമ്പൂർ

8. മുഹമ്മദ് അയാൻ കെ പി, ക്ലാസ് 4, മഖ്ദൂമിയ പബ്ലിക് സ്കൂൾ, കൂത്തുപറമ്പ്

9. ഹവ്വ മാശിത, ക്ലാസ് 1, ബദ്‌രിയ്യ മദ്റസ, കച്ചേരിക്കുന്ന്

10. മുഹമ്മദ് അഫ്‌ലഹ് പി, ക്ലാസ് 5, ഇർശാദുസ്സ്വിബ്‌യാൻ മദ്റസ, കിഴക്കേത്തല

### പദപ്രശ്നം 4 ഉത്തരം

| | | | | | |
|---|---|---|---|---|---|
| 1 വ | ന്ദേ | 4 മാ | ത | രം | 3 ലാ |
| 2 യ | ന്ത്രം | ൽ | 10 ക | ടു | 7 വ |
| 6 നാ | ഗം | 5 ഗു | വാ | ഹ | ത്തി |
| ട് | 9 മാ | ഡി | ബ | | ക്കാ |
| 8 യൂ | റി | ഗ | ഗാ | റി | ൻ |

# English Corner

**Story Line**

## The Dance of the Monkeys

A King had trained several monkeys to dance and kept them in his palace. Every day, a monkey dance performance was held at the palace. People from all walks of life, including dignitaries and commoners, arrived daily to watch the monkeys perform in beautiful costumes. Watching them, they remarked: 'They are just like humans!' and praised the King.

One day, while the dance was in progress, a boy threw some peanuts into the midst of the monkeys. Seeing this, the monkeys stopped their dance and began competing with each other to pick up the peanuts. In the scramble, they tore each other's clothes and started biting and scratching one another.

Seeing this, the King bowed his head in shame. The minister standing nearby whispered to the King: 'No matter how many costumes are worn, one's true nature will eventually come out!'



# കുരങ്ങന്മാരുടെ നൃത്തം

രാജാവ് കുറെ കുരങ്ങന്മാരെ നൃത്തം അഭ്യസിപ്പിച്ചു കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നു. കൊട്ടാരത്തിൽ എന്നും കുരങ്ങന്മാരുടെ നൃത്തം അരങ്ങേറി. മനോഹരമായ



വേഷങ്ങളണിഞ്ഞ് കുരങ്ങന്മാർ നൃത്തം ചെയ്യുന്നതു കാണാൻ എല്ലാ ദിവസവും വിശിഷ്ടവ്യക്തികളും പൊതുജനങ്ങളും കൊട്ടാരത്തിലെത്തിച്ചേർന്നു. 'മനുഷ്യരെപ്പോലെ തന്നെ!' കുരങ്ങുകളുടെ നൃത്തം കണ്ട് അവർ അഭിപ്രായപ്പെട്ടു. രാജാവിനെ പുകഴ്ത്തുകയും ചെയ്തു.

ഒരു ദിവസം നൃത്തം നടക്കുമ്പോൾ ഒരു ബാലൻ തന്റെ കൈയിലുള്ള കടല കുരങ്ങന്മാർക്കിടയിലേക്കു വലിച്ചെറിഞ്ഞു. അതു കണ്ട കുരങ്ങന്മാർ നൃത്തം മതിയാക്കി കടല പെറുക്കിയെടുക്കാൻ മത്സരമായി. അതിനിടെ പരസ്പരം വസ്ത്രങ്ങൾ കീറിപ്പറിച്ച് അവർ മാന്തും കടിയുമായി. രാജാവതു കണ്ട് ലജ്ജിച്ചു തല താഴ്ത്തി. 'എത്ര വേഷം കെട്ടിയാലും തനിസ്വഭാവം ഒരിക്കൽ പുറത്തു വരും!' അടുത്തു നിന്ന മന്ത്രി രാജാവിനോടു സ്വകാര്യം പറഞ്ഞു.

# Tenses

## Passive Voice Rules

Here, we are listing out the Passive Voice Rules for each tense. You will come to know how an auxiliary verb is used to change a sentence from Active to Passive voice.

### 4. Simple Past Tense

Structure: Object+ has/have+ been+ V3+ by + subject

**Example:**

- Active: Reema cleaned the floor.
- Passive: The floor was cleaned by Reema.
- Active: Aisha bought a bicycle.
- Passive: A bicycle was bought by Aisha.
- Active: Naman called my friends.
- Passive: My friends were called by Naman.

### 5. Past Continuous Tense

Structure: Object+ was/were +being+V3+ by + subject

**Example:**

- Active: Nitika was painting the wall.
- Passive: The wall was being painted by Nitika.
- Active: Manish was repairing the car.
- Passive: The car was being repaired by Manish.
- Active: Were you reciting the poem?
- Passive: Was the poem being recited?

## 6. Past Perfect Tense

Structure: Object+ had+been +V3+ by + subject

**Example:**

- Active: Misha had cleaned the floor.
- Passive: The floor had been cleaned by Misha.
- Active: Vidhi had not received the parcel.
- Passive: The parcel had not been received by Vidhi.
- Active: Vishal had solved the doubt.
- Passive: The doubt had been solved.


**Story**


## Clever Mittu

Mittu, a clever rabbit, is cornered by a hungry fox in the forest. To save himself, Mittu tricks the fox by claiming he is too small to be a satisfying meal. He promises to lead the fox to his home and bring out his children for a bigger feast. Once they arrive, Mittu slips into his burrow and hides safely inside with his family. After waiting a long time, the hungry fox realizes he has been tricked and eventually leaves empty-handed.



**Muhammed Razeen PK,**
STD : 5, Irshadusswibyan Sunni Madrasa


Master
Imitable
Adil, did you see this? I got 1000 rupees.
Where did you get this?
I got it from my wallet.
Good point! So what are you doing with this?
Eid is coming near, I need to buy something for Eid.
Do you mean dresses?
No, My father has bought it already for everyone.
Then, What?


I want to buy some fire-works.
So what benefits do you have to get?
Nothing special. But... Some sort of happiness.
Let me say, another thing you can get more happiness?
Yes, what's it?
We can buy 5 Biriyani kits for this money.
Let's give those kits for needy people among your neighbours and friends.
Oh! Superb idea.
You can earn more happiness in this world and hereaf-ter, In Sha Allah.
Adil, you opened my eyes. Jazakallah khair.

# WORD PUZZLE

Read the story **'The Dance of the Monkeys'** and find out words from the puzzle.

| | | | | | | |
|---|---|---|---|---|---|---|
| M | O | N | K | E | Y | S |
| E | E | F | I | L | E | E |
| C | D | Y | N | P | M | H |
| A | A | A | G | O | A | T |
| L | N | D | A | E | H | O |
| A | C | | | P | S | L |
| P | E | A | N | U | T | C |

## Name me



R



R



R

ANS: Rabbit, Rat, Rose

## Sudoku

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 6 | 7 | 5 | | 1 | | 9 | | |
| | 9 | | | | | 1 | 2 | 3 |
| | | | 4 | 8 | | | | |
| 7 | 3 | | 9 | 4 | | | | |
| 1 | | | 7 | | | 4 | 3 | |
| 4 | | 2 | 5 | | | | 1 | |
| | 1 | 3 | | | 7 | | | 2 |
| 2 | | 7 | | | | | | 1 |
| | | 8 | | | 2 | | 7 | 5 |

## Sudoku

ANSWER
**2026 February Issue**

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4 | 9 | 2 | 5 | 3 | 6 | 1 | 7 | 8 |
| 8 | 7 | 5 | 4 | 9 | 1 | 3 | 2 | 6 |
| 3 | 1 | 6 | 8 | 7 | 2 | 4 | 9 | 5 |
| 9 | 5 | 3 | 1 | 4 | 8 | 7 | 6 | 2 |
| 7 | 8 | 1 | 6 | 2 | 3 | 9 | 5 | 4 |
| 6 | 2 | 4 | 9 | 5 | 7 | 8 | 1 | 3 |
| 5 | 6 | 8 | 3 | 1 | 9 | 2 | 4 | 7 |
| 1 | 4 | 7 | 2 | 8 | 5 | 6 | 3 | 9 |
| 2 | 3 | 9 | 7 | 6 | 4 | 5 | 8 | 1 |

PRINTED AND PUBLISHED BY **KUNHAMMED** SAMASTHA ISLAMIC CENTRE CALICUT- 673006, PRINTED AT: GEETHANJALI WEB OFFSETS, CALICUT. HONORARY CHIEF EDITOR: **MUHAMMED PARANNUR**